P 86
38

033
P86

SRI YESU VIJAYAM

by

K. CHERIYAN

605
29-7-38

# ശ്രീയേശുവിജയം

~~635~~

മഹാകവി കട്ടക്കയത്തിൽ

ചെറിയാൻ മാപ്പിള

280

*[Cantoes 13, 14, & 15 Prescribed for The Madras University B. A. Degree Examination 1940 & '41.]*

PRESIDENCY COLLEGE LIBRARY
No.
29 JUL 1938
MADRAS



**Kalaavilasini Publishing House**

**Trivandrum.**

**1113** 1938

*Price As. 10.*

PRINTED AT
THE SARADA PRINTING WORKS
TRIVANDRUM

# അവതാരിക

ആധുനികഭാഷാസാഹിത്യത്തെപ്പററി അല്പമെങ്കിലും അറിവോ അഭിരുചിയോ അഭിമാനമോ ഉള്ളവക്കെല്ലാം എന്റെ മാന്യമിത്രമായ ശ്രീമാൻ കട്ടക്കയത്തിൽ ചെറിയാൻമാപ്പിളയുടെ നാമധേയം സുപരിചിതമായിരിക്കണം. കഴിഞ്ഞ നാലു ദശവഷങ്ങളായി ഭാഷാഭഗവതിയെ നാനാപ്രകാരത്തിൽ ഭജിച്ചും തപ്പിച്ചും ചരിതാത്ഥനായി ജീവിക്കുന്ന ഈ വന്ദ്യകവി, കവിസാർവ്വഭൌമൻ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ, പേട്ടയിൽ രാമൻപിള്ള ആശാൻ ഇവരോടൊപ്പം കേരളീയരുടെ ഭക്തിബഹുമാനങ്ങളെ ആവർജ്ജിക്കുന്ന ഭാഷാസാഹിത്യകുടുംബത്തിലെ ഒരു കാരണവരാകുന്നു. ഇന്നത്തെ മഹാകവികളിൽ പലരും കവനംചെയ്യുവാനാരംഭിക്കുന്നതിനു മുമ്പുതന്നെ ഈ മാന്യൻ ഒരു വിശിഷ്ടകവിയെന്നനിലയിൽ ശാശ്വതമായ യശസ്സിനെ സമാർജ്ജിച്ചുകഴിഞ്ഞിരുന്നു. ഇദ്ദേഹത്തിന്റെ വയസ്യന്മാർ പരേതന്മാരായ മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ, വെണ്മണിമഹൻനമ്പൂരിപ്പാട്ട്, നടുവത്തച്ഛൻനമ്പൂരി മുതലായ അതീതപുരുഷാന്തരത്തിലെ മഹാരഥന്മാരായ കവികുഞ്ജരന്മാരായിരുന്നു. മലയാളമനോരമയുടെ ആവിർഭാവത്തിൽ അതിനെ ആശീർവ്വദിക്കുന്നതിനു ഭാഗ്യം സിദ്ധിച്ച ഒരു കവിക്കു് ഇപ്പോൾ ഒരു മഹാകാവ്യമെഴുതി പ്രസിദ്ധപ്പെടുത്തുവാൻ യോഗമുണ്ടായിരി

ക്കുന്നു എന്നു പറഞ്ഞാൽ ഭാരതീയരുടെ—പ്രത്യേകിച്ചു് ദാക്ഷിണാത്യരുടെ—ആയുർദ്ദൈർഘ്യത്തേയും പ്രതിജ്ഞാസ്ഥൈര്യത്തേയുംപററി എന്തെങ്കിലും അറിയാവുന്നവർ അത്ര വേഗത്തിൽ വിശ്വസിക്കുകയില്ല. ആ വാൎത്ത യഥാൎത്ഥമാണെന്നു മനസ്സിലാക്കിയാൽ അവൎക്കു് അങ്ങനെയുള്ള ഒരു അസാധാരണ പുരുഷനെപ്പററിയുണ്ടാകാവുന്ന മതിപ്പു് കേവലം ആലോചനാമൃതമെന്നേ പറയേണ്ടതുള്ളു.

പ്രാചീനവും പ്രശസ്തവുമായ 'പകലോമററം' ക്രിസ്തീയകുടുംബത്തിന്റെ ഒരു ശാഖയാണു് മീനച്ചിൽ താലൂക്കിൽ പാലാ അങ്ങാടിക്കു് അടുത്തുള്ള കട്ടക്കയം. ഇതിലെ അംഗങ്ങളായി പൂൎവ്വികകാലങ്ങളിൽ പല വിദ്വാന്മാരും ജീവിച്ചിരുന്നു എന്നുള്ളതിനു് ഞാൻ ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലിയിൽ അഞ്ചാമത്തെ സഞ്ചികയായി പ്രകാശനം ചെയ്തിട്ടുള്ള 'പടപ്പാട്ടു' തന്നെ ഒരു പ്രത്യക്ഷലക്ഷ്യമാണു്. ആ ഗ്രന്ഥത്തിന്റെ കൎത്തൃത്വത്തെപ്പററി അഭിപ്രായവ്യത്യാസത്തിനു് മാൎഗ്ഗമുണ്ടെന്നിരുന്നാലും അതു് പകൎത്തിയെഴുതിയതെങ്കിലും കട്ടക്കയത്തിലെ ഒരംഗമാണെന്നുള്ളതിനു സംശയമില്ല. ചെറിയാൻമാപ്പിള ഈ കുടുംബത്തിൽ ഉദ്ദേശം നൂറു കൊല്ലങ്ങൾക്കു മുമ്പു്, ൧൮൫൯ൽ ഫെബ്രുവരി ൨൪-ാംനു ജനിച്ചു. രഘുവംശം, മാഘം, നൈഷധം, മേഘദൂതം മുതലായ സംസ്കൃതകാവ്യങ്ങളും മററും ഞാവക്കാട്ടു ദാമോദരൻ കൎത്താവു് അവൎകളിൽനിന്നു് അഭ്യസിച്ചു. ചെറുപ്പത്തിൽതന്നെ കവിതാവ്യാപാരത്തിനു വേണ്ട കൈമുതൽ സമ്പാദിക്കുവാൻ നമ്മുടെ കഥാനായകനു ഭാഗ്യമുണ്ടായി

എന്നുള്ളതു് അദ്ദേഹത്തിൻെറ ജീവചരിത്രത്തിലെ ഒരു വിശേഷ സംഭവമാകുന്നു. അന്നുതന്നെ ആ വിധത്തിൽ കോരകിതമായ സംസ്കൃതഭാഷാജ്ഞാനം നിരന്തരമായ ഗ്രന്ഥപരിശീലനംനിമിത്തം കാലാന്തരത്തിൽ വിസ്മയനീയമായ വികാസത്തെ പ്രാപിച്ചിട്ടുണ്ടു്. ക്രിസ്ത്യാനികൾക്കു് ഭാഷാസാഹിത്യസാമ്രാജ്യത്തിൽ അവർ അർഹിക്കുന്ന ഒരു സ്ഥാനം ഇന്നും ലഭിക്കാത്തതു് അവക്കു സംസ്കൃതഭാഷാഭ്യസനത്തിലുള്ള ശോചനീയമായ വൈമുഖ്യം നിമിത്തമാണെന്നുള്ളതു് അനപലപനീയമായ ഒരു വാസ്തവവും അസംഖ്യം പ്രസംഗമണ്ഡപങ്ങളിൽ നിന്നുകൊണ്ടു് ഞാൻതന്നേ പ്രഖ്യാപനംചെയ്തു് അവരെ സമ്മതിപ്പിച്ചിട്ടുള്ളതുമാണു്. സംസ്കൃതസാഹിത്യമർമ്മങ്ങളെ യഥാവിധം ഗ്രഹിച്ചു് കാളിദാസാദി മഹാകവികളുടെ പാവനപാദമുദ്രകളെ അഭിവീക്ഷിച്ചു് കാവ്യാദ്ധ്വാവിൽ സഞ്ചരിക്കുവാൻ കഴിയാത്ത ഒരു ഭാഷാകവിയശഃപ്രാർത്ഥി ആംഗലസാഹിത്യത്തിലൊ, ടാഗോർസാഹിത്യത്തിലൊ എത്രതന്നെ വിദഗ്ദ്ധനായാലും അവനെ വിജയലക്ഷ്മി സ്വയംവരണം ചെയ്യുമെന്നു് സ്വപ്നത്തിൽപോലും ശങ്കിക്കേണ്ടതില്ല. ഇന്നത്തെ കാലാവസ്ഥയ്ക്കു് പാശ്ചാത്യസാഹിത്യത്തിലും പൌരസ്ത്യസാഹിത്യത്തിലും ഒന്നുപോലെ അഭിനിവേശമുണ്ടായിരിക്കേണ്ടതു് ആവശ്യമാണെന്നുമാത്രം പക്ഷെ ഉപന്യസിക്കാം; അതുകൊണ്ടു് പൌരസ്ത്യസാഹിത്യസൌധത്തിൻെറ അസ്ഥിവാരമായ സംസ്കൃതസാഹിത്യത്തിൻെറ അപേക്ഷണീയതയ്ക്കു് യാതൊരു ഹാനിയും തട്ടുന്നതുമല്ല. ശ്രീമാന്മാരായ ഐ. സി. ചാക്കോ, പൊയ്യാനിവൈദ്യൻ, ടി. കെ. ജോസഫ്

മുതലായ സംസ്കൃതത്തിൽ അഗാധമായ ജ്ഞാനം സമ്പാദിച്ചിട്ടുള്ള അനേകം ക്രിസ്തീയ സഹോദരന്മാരെ ഞാൻ നല്ലപോലെ അറിയും. അവക്ക് ആ ജ്ഞാനം ഒരു അനൎഘമായ ഭൂഷണമാണെന്ന് അവരും മററുള്ളവരും സമ്മതിക്കുകയും ചെയ്യും. ഈ വിഷയത്തിൽ, എന്റെ അവതാരിക വായിക്കുവാൻ ഇടയുള്ള ക്രിസ്തീയ മാതാപിതാക്കന്മാരുടെ ശ്രദ്ധ പ്രത്യേകമായി പതിയണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ പ്രാസംഗികമായി ഇത്രയും പ്രസ്താവിച്ചത്. ഇനി പ്രകൃതത്തെത്തന്നെ അനുവൎത്തിച്ചുകൊള്ളാം.

ചെറിയാൻമാപ്പിള കൊല്ലം ൧൦൭൦–ൽ തന്നേ കേരളമിത്രം പത്രത്തിലും മററും ഏതാനും പദ്യങ്ങളും പാട്ടുകളും പേരുവയ്ക്കാതെ പ്രസിദ്ധപ്പെടുത്തി. എന്നാൽ ഇന്നത്തെ കവികളിൽ പലക്കും ഉപദേഷ്ടാവും പ്രോത്സാഹകനുമായിരുന്ന മനോരമാപത്രാധിപർ സാക്ഷാൽ കണ്ടത്തിൽ വറുഗീസുമാപ്പിള അവർകൾ തന്നെയാണ് കട്ടക്കയത്തെയും പ്രകടമായി രംഗപ്രവേശം ചെയ്യിച്ചത്. ശ്രീമാൻ വറുഗീസുമാപ്പിളയുടെ അകാലനിൎയ്യാണാവസരത്തിൽ ചെറിയാൻമാപ്പിള ഈ സംഭവത്തെ അനുസ്മരിച്ചുകൊണ്ട്,

അല്പജ്ഞനാകുമിവനും കവിവേഷമേന്തി-
ക്കെല്ലൊന്നു സൽക്കവികൾ തന്നിടയിൽക്കടന്ന്
അപ്പപ്പൊഴായ് ചില മഹാവികൃതിത്തമേതാ-
ണ്ടൊപ്പിച്ചതും സുമതി നിൻപതിമൂലമത്രേ.

എന്നൊരു പത്ര്യംകൂടി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. മനോരമയിൽ നമ്മുടെ കവി പല നർമ്മകലഹങ്ങളും നടത്തിയിട്ടുണ്ട്. ശ്രീമാൻ ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻെറ "ചുക്കില്ലാത്ത കഷായമില്ലറിക ചൂടില്ലാതെ കണ്ഠഗ്നിയും" എന്ന സമസ്യ ചെറിയാൻമാപ്പിള,

ഇക്കാലത്തൊരുകാശിനൊൻപതുലഭി-
ച്ചീടും ഭിഷഗ്ഗ്രിഭൃതൻ
ബുക്കൊന്നെങ്കിലുമൊന്നു നോക്കിടുകപോലും
ചെയ്യീടാതീവിധം
പോക്കില്ലാത്ത ജനത്തൊടൊപ്പമുരചെ-
യ്തീടുന്നതെന്തിപ്പുമാൻ
ചുക്കില്ലാത്ത കഷായ...........

എന്നു പൂരിപ്പിക്കുകയും അതിൽവെച്ചു മേനവൻ കയർക്കുകയും ഇരുകൂട്ടരും തമ്മിൽ ചെറുതായ ഒരു വാക്സമരമുണ്ടാകയും മററും ചെയ്ത കഥ ഇന്നും ചിലർ ഓർമ്മിക്കുന്നുണ്ടായിരിക്കാം. ചെറിയാൻമാപ്പിളയ്ക്കു് അഷ്ടാംഗഹൃദയവും വശമുണ്ടെന്നുള്ള വസ്തുത ഈ ഘട്ടത്തിൽ സ്മരണീയമാണു്. നടുവത്തു മഹൻനമ്പൂരി മുതലായ കവിവര്യന്മാരുമായും ചില ചില്ലറ വാക്കലഹങ്ങൾ ഉണ്ടായിട്ടുള്ളതു് വിസ്താരഭയത്താൽ വിവരിക്കുന്നില്ല. നടുവത്തച്ഛൻ നമ്പൂരിയുടെ സൌശീല്യാദി സൽഗ്ഗുണങ്ങൾ സുപ്രസിദ്ധങ്ങളാണല്ലോ. അവിടത്തേക്കു ചെറിയാൻമാപ്പിളയെപ്പററി വലിയ കാര്യമായിരുന്നു.

“കോട്ടം വിനാ തൻ കവിതാമൃതത്തെ-
പ്പെട്ടെന്നൊഴുക്കാതെ ജഗത്തിലെങ്ങും
കഷ്ടം! വസിക്കുന്നതിനെന്തു ബന്ധം?
കട്ടക്കയം തെല്ലു നികന്നുപോയയോ?”

എന്നു് ആ മഹാകവി ഒരവസരത്തിൽ അനന്യസുലഭമായ ഫലിതോക്തിയോടുകൂടി ചോദിച്ചിരുന്നതു് സാഹിത്യരസികന്മാർ ഇന്നും മറന്നിട്ടില്ല. മറ്റൊരിക്കൽ ഒട്ടുവിൽ കുഞ്ഞുകൃഷ്ണമേനോൻ,

“നാനാപ്രദേശമണയുന്ന മനോരമേ! നീ
മീനച്ചിലിലീയിട മുറയ്ക്കു ഗമിപ്പതില്ലേ?
ഞാനിന്നു കൗതുകഭരാൽ ചില ചോദ്യമിട്ടാ-
ലാനന്ദപൂർവ്വമതിനുത്തരമോതിടാമോ?

ചട്ടറ്റിടുന്ന നവഭൂഷകൾ നിൻകഴുത്തിൽ-
കെട്ടിച്ചു പണ്ടു വളരെപ്പുകളാണ്ട വിദ്വാൻ
കട്ടക്കയത്തിലമരുന്ന കവീന്ദ്രനാമെ-
ന്നിഷ്ടന്നു നല്ല സുഖമോ? ശുകവാണിയാളേ!”

എന്നു് മനോരമവഴിക്കു പ്രശ്നം ചെയ്കയും അതിനു നമ്മുടെ കവി,

“പാലായിൽനിന്നു മയിലഞ്ചു കിഴക്കു ഞാനെൻ
സ്യാലത്രയം സഹജനെന്നിവരോടുകൂടി
ബാലേ! വിലയ്ക്കു നിലമിത്തിരി വാങ്ങിയിപ്പോൾ
ചാലുണ്ടതിൻ നടുവിലെന്നുമറിഞ്ഞിടേണം.

ചാലൊക്കെയും സമനിരപ്പു വരുത്തി നല്ല-
ചേലാക്കി നെൽക്കൃഷിയതിന്നുപയുക്തമാക്കി
ചാലിൻകരെക്കമുക, തെങ്ങു, പിലാവു, വാഴ-
കോലുംമുദാ മരിചമെന്നിവ നട്ടിടുന്നു."

എന്നും മററും മറുപടി എഴുതുകയും ചെയ്തിരുന്നു. വെ-
ണ്മണിമഹൻനമ്പൂരിപ്പാട്ട് ഒരിക്കൽ,

"കയമതിശയമായൊരു കട്ട-
ക്കയമതിയായൊരു ക്രൂരോദോതിയത്ത്
ദയ തടവുന്നൊരു സുകൃതോ-
ദയതടവെന്ന്യേ കവീന്ദ്രകൈക്കൊണ്ടേൻ."

എന്നും മററും നമ്മുടെ കവിയെ പ്രശംസിച്ചു വല പദ്യ
ങ്ങളും മനോരമയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. മററൊ
രുസന്ദർഭത്തിൽ നടുവത്തച്ഛൻനമ്പൂരി

"കട്ടക്കയത്തിലമരും സുകവേ! ധരിയ്ക്കു
പിട്ടല്ല താവകമനോപമ പദ്യജാലം
കേട്ടീടുവാൻ കൊതിമുഴക്കുകകൊണ്ടു പദ്യം
കെട്ടിച്ചമച്ചെഴുതി വാസ്തവമപ്രകാരം."

എന്നെഴുതിയിരുന്നു. വാസ്തവത്തിൽ നടുവത്തച്ഛനും കട്ട
ക്കയത്തിനും തമ്മിലുണ്ടായിരുന്ന ആ അന്യാദൃശമായ
മൈത്രീബന്ധത്തിന്റെ രഹസ്യം രണ്ടുപേരുടേയും കവി
തകൾക്കുള്ള സാദൃശ്യമായിരിക്കാമെന്ന് എനിക്കു തോന്നു
ന്നുണ്ട്. അകൃത്രിമമായ രാമണീയകമാണ് ഇരുവരുടേയും
സൂക്തികളിൽ ഒന്നുപോലെ കളിയാടുന്നത്. ഒരാവൎത്തി
കേട്ടാൽ അൎത്ഥാവബോധം വരാത്ത ഒരു പദ്യമെങ്കിലും

ഇവർ എഴുതീട്ടുണ്ടോ എന്ന സംശയമാണ്. നൈസർഗ്ഗികമായ കാവ്യഭംഗിയെ ആഹാര്യസൌന്ദര്യത്തിനായി ബലികഴിക്കാത്ത ഇവരെ സാമാന്യജനങ്ങൾ സർവോപരി കൊണ്ടാടുന്നതു അത്ഭുതമല്ലല്ലൊ.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ, കെ. സി. കേശവപിള്ള, കെ. സി. നാരായണൻനമ്പ്യാർ മുതലായ മററു യശശ്ശരീരന്മാരായ കവികൾക്കും കട്ടക്കയം കണ്ണിലുണ്ണിയായിരുന്നു. 'ഒട്ടവ്' പലപ്പോഴും കട്ടക്കയത്തെ ഹാർദ്ദമായി പ്രശംസിക്കുന്നതു ഞാൻതന്നെ കേട്ടിട്ടുണ്ട്. കേരളസാഹിത്യസാമ്രാജ്യത്തിലെ ഏകഛത്രാധിപതിയായിരുന്ന എൻെറ പുരസ്കർത്താവു മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലേക്കു ചെറിയാൻ മാപ്പിളയെപ്പററി സീമാതീതമായ സ്നേഹമുണ്ടായിരുന്നു. അതിനു കാരണമായി ചെറിയാൻമാപ്പിളയുടെ കവനകലാവൈദഗ്ദ്ധ്യത്തേയും കറയകന്ന സ്വഭാവനൈർമ്മല്യത്തേയുംപോലെതന്നെ അദ്ദേഹം സാഹിത്യദൃഷ്ട്യാ അധഃസ്ഥിതവർഗ്ഗത്തിൽപെട്ട ഒരുവനാണല്ലൊ എന്ന തിരുമേനിക്കുണ്ടായിരുന്ന ബോധത്തേയും നിർദ്ദേശിക്കേണ്ടതാണ്. ആ മഹാത്മാവായ സാഹിതീസാമ്രാട്ട് അധഃസ്ഥിതോന്നമനത്തെ തൻെറ പരമധർമ്മമായി കരുതിയിരുന്നു എന്നുള്ള വാസ്തവം വിശ്വവിദിതമാണല്ലൊ. കോട്ടയത്തു ഫന്ത്രണ്ടിൽ കൂടിയ കവിസമാജത്തിൽതന്നെ ചെറിയാൻമാപ്പിള അവിടത്തെ തൃക്കൈയിൽനിന്ന് ഒരു പ്രശംസാപത്രത്തിന്ന അർഹനായി ഭവിച്ചു. "നിങ്ങളുടെ കവിതയ്ക്കു സവിശേഷമായ ഒരു ആസ്വാദ്യതാഗുണമുണ്ട്" എന്നും മററും അവിടുന്ന് ചെറിയാൻമാപ്പിളയുടെ കവി

തയെപ്പററി തനിക്കുള്ള സഹൃദയൈകവേദ്യമായ അഭിപ്രായം രേഖപ്പെടുത്തീട്ടുണ്ട്.

"ശിഷ്ടേന്ദ്രന്മണ്ണിസ്സരസാഗ്രണിഭ്രപനോട്ടം
തുഷ്ട്യാമഹാകവികളേ വിളിക്രൂട്ടിയപ്പോം
കോട്ടംവെടിഞ്ഞണകിലേററവുമല്പനാമീ-
ക്കട്ടക്കയം വളരെ മഞ്ഞളരക്കയില്ലേ?"

എന്നും മററും ഓരോ അവസരത്തിൽ ചെറിയാൻ മാപ്പിള തൻെറ ശാലീനതയെ സരസമായി ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്ന കേരളീയകവികളുടെ ഇടയിൽ അത്യുന്നതമായ ഒരു സ്ഥാനമാണ് വളരെക്കാലം മുമ്പുമുതല്ക്കുതന്നെ ലഭിച്ചിട്ടുള്ളതെന്ന

"ഔന്നത്യംചേർന്നുചതോരമയൊരുശിശുവായ്
ക്കേളിയാടീലയോ പ- • • [illegible]
ണ്ടന്നിക്കട്ടക്കയ്യെത്തിൽക്കവി, നവകവന-
കൈകളാൽ ക്കേളികേട്ട." എന്നും

"ചട്ടററീടിനപദ്യബാണനികരം തൂകീട്ടുവിദ്വാൻമൃഗ-
ക്കൂട്ടത്തെക്കുറവെന്നിയേ കുതികുതിപ്പിക്കുന്ന•കട്ടക്കയം"

എന്നും

"...കീർത്തിപെരുത്തകട്ട-ക്കയത്തിനുള്ളായമറിഞ്ഞുകൂടാ"

എന്നും മററും സമകാലീനന്മാരായ കവികൾ അദ്ദേഹത്തെപ്പുകഴ്ത്തീട്ടുള്ള പഴയ പല പദ്യങ്ങളിൽനിന്നും നമുക്കു ഗ്രഹിക്കാവുന്നതാണ്.

അന്നു മനോരമ, മലയാളി, സുജനാനന്ദിനി, കേരളസഞ്ചാരി മുതലായ പത്രങ്ങളിൽ ഇടവിടാതെയുണ്ടായിരുന്ന കവികളുടെ നർമ്മസല്ലാപങ്ങളും ലീലാകലഹങ്ങളും ഇങ്ങിനിത്തിരിയെ വരാത്തവണ്ണം പൊയ്പ്പോയതുപോലെ തോന്നുന്നുണ്ട്. അവ വായിക്കുവാൻ എന്നെപ്പോലെയുള്ള യുവാക്കൾക്കു അക്കാലത്ത് എന്തു കൌതുകമായിരുന്നു! ഇന്നത്തെ ഒരു വർത്തമാനക്കടലാസിന്നു ആ പ്രസ്ഥാനം പത്ഥ്യമായിത്തോന്നീട്ടില്ലെന്നുള്ളതു് അനുക്തിസിദ്ധമാണല്ലൊ. ഇന്നു കാവ്യാലാപവിനോദത്തിന്നു പത്രാധിപന്മാൎക്കും വായനക്കാൎക്കും തെല്ലും സൌകൎയ്യമില്ല. രാഷ്ട്രീയവും സാമുദായികവുമായുള്ള കാൎയ്യങ്ങളിലെ അവൎക്കു അഭിരുചിയുള്ളൂ. നോക്കണേ കാലം പോയ പോക്ക്!! "പൃഥിവീഗതയൌവനാ" എന്നുള്ള വ്യാസവാക്യം ഭാഷാസാഹിത്യവിഷയത്തിൽ പററിയതാണെന്നുതന്നെ പറയണം. വെറുതെയല്ല യോഗ്യന്മാരായ യുവകവികളുടെ സംഖ്യ തിരുവിതാംകൂറിൽ പ്രത്യേകിച്ചും—നാൾചെല്ലുംതോറും കുറഞ്ഞുവരുന്നതു്.

ചെറിയാൻമാപ്പിള ആസന്നമരണചിന്താശതകം, മാൎത്തോമ്മാചരിത്രം മണിപ്രവാളം, സാഹാവിവാഹം, യൂദജീവേശ്വരി, വില്ലാൾവട്ടം, കലാവതിനാടിക, ഒലിവേർവിജയം ആട്ടക്കഥ, വനിതാമണി മുതലായ അനേകം ഗ്രന്ഥങ്ങൾ രചിക്കയും അവയിൽ പലതും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അവയിലെല്ലാം ഒരു സ്വാതന്ത്ര്യചിന്തകൻെറയും സുകുമാരകവിയുടെയും തൂലികാചലനം പ്രത്യക്ഷമായി ഭാവുകന്മാൎക്കു നിരീക്ഷിക്കാവുന്നതാണു്. "അസഭ്യപരിപാടികാമധികരോതിശൃംഗാരിതാ" എന്ന

പക്ഷക്കാരനാകയാൽ ശൃംഗാരരസത്തിൽ കവി ഐദം പൎയ്യേണ ഉപജീവിക്കുന്നില്ല.

ശ്രീയേശുവിജയം എന്ന ഈ മഹാകാവ്യം എൻെറ ഉമാകേരളത്തെ അനുകരിച്ചു ചെറിയാൻമാപ്പിള നിൎമ്മിച്ചിട്ടുള്ള ഒരു കൃതിയെന്നാണു ഞാൻ അനുമാനിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നതു്. "വാസന്തീമധുവാൎന്ന വാക്കിനു സജാതീയ ദ്വിതീയാക്ഷര-പ്രാസംതീൎപ്പതു കൈരളീമഹിള തൻ മംഗല്യമാണു" എന്നുള്ള വിധിക്കു കാലപ്പഴക്കത്താൽ ദൌൎബല്യം തട്ടീട്ടുണ്ടെങ്കിലും അൎത്ഥത്തിനു ഹാനികൂടാതെയുള്ള താദൃശമായ പ്രാസപ്രയോഗം ദ്രാവിഡഭാഷാ പദ്യകൃതികൾക്കു ഒരു ഭൂഷണമാണെന്നു നിൎമ്മത്സരന്മാർ ഇന്നും മനസ്സുകൊണ്ടു സമ്മതിക്കാതെയിരിക്കുകയില്ല. സാൎവ്വത്രികമായ ഈ പ്രാസദീക്ഷകൊണ്ടും സൎഗ്ഗങ്ങളുടെ അസാധാരണമായ ദൈൎഘ്യംകൊണ്ടും ഈ മഹാകാവ്യത്തിനു ഉമാകേരളത്തിൻെറ കനിഷ്ഠസഹോദരസ്ഥാനത്തിനു് അവകാശമുണ്ടു്. വളച്ചുകെട്ടുകൂടാതെയുള്ള വസ്തുസ്ഥിതികഥനമെന്ന കാവ്യഗുണം ഈ കൃതിക്കു് ഒരു വിശേഷാലങ്കാരമായിത്തീൎന്നിട്ടുമുണ്ടു്. വിഷയവൈവിദ്ധ്യംകൊണ്ടു മറെറാരു മഹാഭാരതം എന്നു പറയേണ്ട ക്രിസ്തീയവേദപുസ്തകത്തിൽ അടങ്ങീട്ടുള്ള കഥകൾ ലോകസൃഷ്ടി മുതൽ ക്രി. പി. നാലാം ശതകം വരെയുള്ളവ ഒന്നും വിടാതെയും അതാതിനു് ഉചിതമായ രീതിയിലും ദൈൎഘ്യത്തിലും ഈ ഗ്രന്ഥത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. മാഘൻെറയോ ഭാരവിയുടേയോ ശൈലിയിൽ "നഗരാൎണ്ണവശൈലൎത്തു ചന്ദ്രാൎക്കോദയ" വൎണ്ണന

ങ്ങളിൽ കവി വ്യാവൃതനാകുകയാണെങ്കിൽ ഇതിവൃത്തം ഇരുപത്തിനാലിനു പകരം ഇരുനൂററിനാല്പതുസർഗ്ഗങ്ങൾ കൊണ്ടും അവസാനിക്കുന്നതല്ലല്ലോ. അതിനാൽ ഔചിത്യവേദിയായ കവി സർവ്വോപരി ഈ കാവ്യത്തിൽ ദൃഷ്ടി വെച്ചിട്ടുള്ളതു സരസവും സന്ദർഭോചിതവുമായ കഥനത്തിലാകുന്നു. എന്നാൽ ഉല്ലേഖകല്പനയിലും അർത്ഥാലങ്കാരത്തിലും ആവശ്യമുള്ള ഭാഗങ്ങളിലെല്ലാം അദ്ദേഹം മനസ്സിരുത്തീട്ടുണ്ടെന്നുള്ളതും സഹൃദയന്മാൎക്കു കാണാവുന്നതാണ്. ഉദാഹരണത്തിനായി ചിലപദ്യങ്ങൾ ഉദ്ധരിക്കാം.

കളസ്വനത്താൽ ശ്രവണത്തിനു സുഖം
വളൎത്തുമോമൽ പതകങ്ങളെല്ലാം
കളങ്കമാൎജ്ജിച്ച ജലന്റെ സഖ്യം
കളഞ്ഞിടാൻപോലെയകന്നു ശീഘ്രം     ൨-൰൨

നരയാൽ മുടി ചാമരം കണക്കായ്
ജരയാൽ തൊലി ചുഴക്കവേ ചുളുങ്ങി
കുരയോട്ടുമിരുന്ന മുത്തിമാരും
തിരയോടും വടി കുത്തിവന്നണഞ്ഞു     ൩-൰൪

പേടിച്ചു രണ്ടു ചെറുതായ മൃഗം ജവംപൂ-
ണ്ടോടിക്കിതപ്പൊടു പടൎപ്പിലണഞ്ഞിടുമ്പോൾ
കൂടിൻപടിക്കജഗരം കണിവച്ചവായിൽ
ച്ചാടിത്തനിക്കുപകടത്തെ വരുത്തിടുന്നു     ൬-൯

ദന്തം ഞെരിച്ചു വിരലാഞ്ഞുനിലത്തിലൂന്നി-
പ്പന്തംകണക്കുമിഴി ഭീഷണമാക്കിരോഷാൽ
അന്താവെടിഞ്ഞപകയോടിരുകൂട്ടരും വാൾ
കുന്തം തുടങ്ങിയവയാൽ പൊരുമാററമായി     ൬-൩൪

ആപത്തൊഴിക്കും സകലേശ്വരൻതൻ
ശ്രീപത്തുസേവിക്കുമിവൎക്കു പാരിൽ
പാപത്തിനാലുള്ള കളങ്കമേശാൻ
സാപത്തിലും സംഗതി വന്നതില്ല. ൧൩-൩

ക്രൂരമ്പാൽ മാൎപ്പിളൎന്നും, കൊടിയൊരു കുരിശിൽ
തൂക്കിയും, തോലുരിഞ്ഞും
ക്രൂരൻസിംഹത്തിന്നുണ്ണാനരുളിയു, മസിയാൽ
കണ്ടുനാളം മുറിച്ചും
നീരത്തിൽ താഴ്ത്തിയും, മെയ്മുഴുവൻ മടിയാൽ
കീറിയും, തീയിലിട്ടും
പാരം മാൽചേൎത്തു യോധാധമരനവധിയായ്
ക്രിസ്ത്യരേ നിഗ്രഹിച്ചു. ൨൪-൧൭

ഇങ്ങനെ പകൎത്തിത്തുടങ്ങിയാൽ പുസ്തകത്തിൽ ഒട്ടു മുക്കാലും പകൎത്തേണ്ടതായിത്തന്നെ വരും. പരിപൂൎണ്ണമായ കവിതാവാസനയുള്ള ഒരു വശ്യവചസ്സിനല്ലാതെ അക്ലിഷ്ടമനോഹരങ്ങളായ ഇത്തരത്തിലുള്ള പദ്യങ്ങൾ ഒരിക്കലും നിൎമ്മിക്കുവാൻ സാധിക്കുന്നതല്ല.

ശ്രീയേശുവിജയത്തിനു എല്ലാംകൊണ്ടും മലയാളമഹാകാവ്യങ്ങളുടെയിടയിൽ ഉൽകൃഷ്ടമായ ഒരു സ്ഥാനത്തിനു് അവകാശമുണ്ടു്. ക്രിസ്ത്യാനികളിൽ ഇങ്ങനെയുള്ള ഒരു മഹാഗ്രന്ഥം നിൎമ്മിക്കുന്നതിനു രണ്ടാമതൊരാൾ ഇല്ലെന്നുള്ളതും നിൎവിവാദമാണു്. കട്ടക്കയത്തിനും മററു ക്രിസ്തീയകവികൾക്കും തമ്മിലുള്ള അന്തരം അത്രമാത്രമുണ്ടു്. ഏതു മഹാകവിമല്ലനും ദീൎഘകാലത്തെ നിരന്തര

പരിശ്രമത്താൽമാത്രം സാധിക്കാവുന്ന ഈ കാവ്യനിർമ്മിതി ഇത്ര വിജയപ്രദമായി കലാശിപ്പിച്ചതിൽ ഞാൻ എൻെറ പഴയ ആത്മമിത്രവും, പരിണതപ്രജ്ഞനും, പണ്ഡിത സത്തമനും, പരോപകാരനിരതനുമായ കട്ടക്കയത്തിൽ ചെറിയാൻമാപ്പിള അവർകളെ ഹാർദ്ദമായി വീണ്ടും വീണ്ടും അനുമോദിച്ചുകൊള്ളുന്നു. ഈ ഗ്രന്ഥരചനയാൽ എൻെറ സ്നേഹിതനു താൻ എല്ലാ പ്രകാരത്തിലും അർഹി ക്കുന്ന മഹാ കവിത്വം ഹസ്തലബ്ധമായിത്തീർന്നിരിക്കുന്നു. വെന്നു മുക്തകണ്ഠം ഘോഷിക്കുന്നതിനു എനിക്കു അപാ രമായ സന്തോഷവും ചാരിതാർത്ഥ്യവുമുണ്ട്. മഹാകാവ്യം എഴുതിയാലെ മഹാകവിയാകാവു എന്നോ, എഴുതിയാ ലാകാമെന്നോ എനിക്കഭിപ്രായമില്ല. മഹാകവി കുമാര നാശാൻ ഇതിനു മൂർദ്ധാഭിഷിക്തോദാഹരണമാണ്. ഒരു മതപണ്ഡിതൻെറയും കർഷകൻെറയും സമുദായനേതാ വിൻെറയും കവിയുടെയും നിലയിൽ എൻെറ സ്നേഹി തനെ ത്രിവിധകരണങ്ങളെക്കൊണ്ടും ബഹുമാനിക്കാത്ത വരായും അദ്ദേഹത്തിൻെറ ഭാവി ജീവിതം ആയതവും ആരോഗ്യപൂർണ്ണവും ഫലഭൂയിഷ്ഠവും ആയിത്തീരുവാൻ ജഗന്നിയന്താവിനെ സർവ്വാത്മനാ പ്രാർത്ഥിക്കാത്തവരായും ഇന്നു കേരളത്തിൽ ആരുംതന്നെ ഉണ്ടായിരിക്കയില്ല. അവരുടെ ഒരു വിനീതപ്രതിനിധിയുടെ വേഷത്തിൽ ഞാൻ ഈ ഗ്രന്ഥത്തിനും ഗ്രന്ഥകാരനും സകല സന്മംഗ ളങ്ങളെയും ആശംസിച്ചുകൊള്ളുന്നു.

എൻെറ യുവക്രിസ്തീയസഹോദരന്മാരോട് എനിക്കു ഒരു വാക്കുകൂടി പറവാനുള്ളതു അവർ ഇദ്ദേഹത്തെ

സാഹിത്യപദ്ധതിയിൽ ഒരു ദിവ്യജ്യോതിസ്സായി അംഗീകരിക്കേണമെന്നുള്ളതാണ്. വിദ്യാഭ്യാസത്തിന്ന ഗണനീയമായ സൌകയ്യമൊന്നുമില്ലാത്ത ഒരു കാലത്തു ഒരു കുഗ്രാമത്തിൽ ജനിച്ച ഈ കത്തോലിക്ക് ക്രിസ്ത്യാനിക്കു ഭാഷായോഷയെ ഇത്രമാത്രം ഭൂഷിപ്പിക്കുകയും പോഷിപ്പിക്കുകയും തോഷിപ്പിക്കുകയും ചെയ്വാൻ കഴിയുമെങ്കിൽ ഇന്നത്തെ ക്രിസ്തീയയുവാക്കൾക്ക് എന്തുകൊണ്ട് അദ്ദേഹത്തിന് അഭിമാനത്തെ അങ്കുരിപ്പിക്കത്തക്ക അനുയായികളാകുവാൻ പാടില്ല? എന്തുകൊണ്ട് അവക്കും "വംശസ്യാഗ്രേഥപജോയഥാ" എന്ന ഭാരവി പറയുന്ന മാതിരിയിൽ സാഹിത്യവിഷയത്തിൽ ഉൽക്കഷം സമ്പാദിച്ചുകൂടാ? ഭാഷാദേവിക്കു പക്ഷപാതലേശമില്ല. ആരു ആ ഭഗവതിയെ യഥാവിധി ആരാധിക്കുന്നുവോ അവർ അനുഗ്രഹീതരാകുന്നു. അതിനുള്ള ആശയും അദ്ധ്വാനവും മാത്രമെ അവരിൽ അപേക്ഷണീയമായിരിക്കുന്നുള്ളൂ. ക്രിസ്തീയസമുദായത്തിൻെറ വിശുദ്ധ വേദപുസ്തകം ഇപ്പോൾ ഒരു വിശിഷ്ട മഹാകാവ്യമായിക്കഴിഞ്ഞു. ഇനി അതിലെ ഓരോ കഥയും ഓരോ ഖണ്ഡകൃതിയായിത്തീരാനുണ്ട്. അന്യമതാവലംബികൾ ഇക്കായ്യത്തിൽ കൈവെക്കുന്നതു ക്രിസ്ത്യാനികൾക്കു പൊതുവിൽ അഭിമതമല്ല എന്നുള്ളതിന്ന മഹാകവി വള്ളത്തോളിൻെറ 'മഗ്ദലനാ മറിയത്തി'നുപോലും" കേരളീയകത്തോലിക്ക"നിൽനിന്നു ലഭിച്ച സമ്മാനം ഉത്തമലക്ഷ്യമാണ്." വള്ളത്തോളിനെക്കൊണ്ടു സാധിക്കാത്ത കായ്യത്തിൽ മററു കവികൾ ഉദ്യമിക്കുന്നതു മഹാ സാഹസമായിരിക്കും. അതുകൊണ്ടു വാസനയുള്ള ക്രിസ്തീയ യുവകവികൾതന്നെ വേണ്ട നൈപു

ണ്യവും അഭ്യാസവും ലഭിച്ചതിനുമേൽ ഈ വിഷയത്തിൽ പ്രവൎത്തിക്കുന്നതു ശോഭനമായിരിക്കും.

ക്രിസ്തീയസാഹിത്യത്തിൽ ഏതാവൽപൎയ്യന്തം ഉണ്ടായിട്ടുള്ള ഗ്രന്ഥങ്ങളിൽ ഉത്തമോത്തമമായ ശ്രീയേശുവിജയവുമായി ഒരു പരിശോധകൻെറയും അവതാരികാകാരൻെറയും നിലയിൽ സംബന്ധപ്പെടുവാൻ യോഗം വന്ന എനിക്കു കൃതാൎത്ഥതയ്ക്കു ധാരാളമവകാശമുണ്ടു്. തിരുവിതാംകൂർ കത്തോലിക്ക് സിറിയൻക്രിസ്ത്യാനികളുടെ രണ്ടു പ്രധാന കേന്ദ്രങ്ങൾ ചങ്ങനാശേരിയും മീനച്ചിലുമാണു്. അതിൽ ഒന്നിൽ ദേശഭാഷാഭ്യസനത്തിൻെറ ബീജാവാപം ചെയ്തതു പരേതനായ മൊൺസിഞ്ഞോർ സിറിയക്കു കണ്ടങ്കരിയുടെ ബഹിശ്ചരപ്രാണനായിരുന്ന എൻെറ പിതാവാണു്. മറേറത്താലൂക്കിനെ അലങ്കരിക്കുന്ന ഏക ക്രിസ്തീയ മഹാകവിയുടെ മഹാ കാവ്യത്തിനു് അവതാരിക എഴുതുവാനുള്ള ഭാഗ്യം സിദ്ധിച്ചതു് എനിക്കുമാണു്.

ശ്രീമാൻ ചെറിയാൻമാപ്പിളയെ ഒന്നുകൂടി സശിരഃകമ്പം അഭിനന്ദിച്ചുകൊണ്ടും അദ്ദേഹം ഇനിയും അനേകം ഭാഷാകൃതികൾ നിൎമ്മിക്കുവാൻ ജഗദീശ്വരൻ സഹായിക്കട്ടെ എന്നു പ്രാൎത്ഥിച്ചുകൊണ്ടും എൻെറ അവതാരിക ഇവിടെ സമാപിപ്പിച്ചുകൊള്ളുന്നു.

കൊല്ലം,
20-12-'25.

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ,
(M. A., B. L., M. R. A. S.),
കവിതിലകൻ.

# ശ്രീയേശുവിജയം

## പതിമ്മൂന്നാം സർഗ്ഗം

വിശുദ്ധരും ദമ്പതികളുമായ മറിയയും യൌസേപ്പും—ഗൌറിയേൽ ദൈവദൂതന്റെ മംഗലവാൎത്ത—കന്യകയായ മറിയം ഗർഭിണിയായിത്തീരുന്നു—മറിയ ഏലീശബായെ സന്ദർശിക്കുന്നു—യൌസേപ്പിന്റെ പരിഭ്രമം—അദ്ദേഹത്തെ മാലാഖാ സമാധാനപ്പെടുത്തുന്നു—വിശുദ്ധ യൌസേപ്പും വിശുദ്ധ കന്യക മറിയയുംകൂടി ബെത്ലഹേമിലേക്കു പോകുന്നു—പാൎക്കുന്നതിനു വീടുകിട്ടാതെ ഒരു തൊഴുത്തിൽ പ്രവേശിക്കുന്നു—ക്രിസ്തുവിന്റെ ജനനം.

എല്ലായ്പ്പൊഴും ദൈവപദം ഭജിക്കും
ചൊല്ലാൎന്ന യൌസേപ്പു വിശുദ്ധ വൎയ്യൻ
നല്ലാർഗ്ഗുണങ്ങൾക്കണി കാന്തയും ചേ-
ൎന്നല്ലാഘലരായാ നസറേത്തിൽ വാണു. ൧

പാരാദരാൽ പണ്ടു പുലത്തിയോനാം
പേരാൎന്ന ദാവീദിനെഴും കുലത്തിൽ
ധാരാളമായ് നന്മനിറഞ്ഞതാമുൾ-
ത്താരാൎന്നൊരിദ്ദമ്പതിമാർ ജനിച്ചു. ൨

ആപത്തൊഴിക്കും സകലേശപരൻതൻ
ശ്രീപത്തുസേവിക്കുമിവർക്കുപാരിൽ
പാപത്തിനാലുള്ള കളങ്കമേശാൻ
സ്വാപത്തിലും സംഗതി വന്നതില്ല. ൩

ഉള്ളിൽപരം ഭക്തികലൎന്ന മഞ്ഞിൻ
തുള്ളിക്കുനേരാം ധരണീസുഖത്തെ
തള്ളിത്തെളിഞ്ഞീശനിലാശയത്തെ-
ക്കൊള്ളിച്ചിതെല്ലായ്പ്പൊഴുമാവരിഷ്ഠർ. ൪

ദ്രവ്യം തൃണംപോലെ ഗണിച്ചുവാനിൻ
ഭവ്യത്തിലാസക്തിയൊടജ്ജനങ്ങൾ
നവ്യങ്ങളാം നന്മകൾ ചെയ്തു ദൈവ-
ദിവ്യപ്രസാദം ദിവസേന നേടി. ൫

അജ്ഞാനമാകുന്ന തമസ്സകററി-
പ്രജ്ഞാബലം മാനവനേററമേകും
സുജ്ഞാനമെന്നുള്ള വിളക്കിനാലാ-
വിജ്ഞാഗ്ര്യചേതസ്സുകളുല്ലസിച്ചു. ൬

സാദം വളൎന്നീടുകിലും നിതാന്തം
മോദത്തോടദ്ധ്യനമോമലാളും
വേദപ്രബന്ധങ്ങളശേഷമേതും
ഭേദംവിനാ നോക്കി മനസ്സിലാക്കി. ൭

ശർമ്മത്തിലാസക്തി മനസ്സിനെന്ന്യേ
ധർമ്മജ്ഞരാനിർമ്മലരൊന്നുപോലെ
നമ്മത്തിലുംപ്പൂവുലയാതലം സൽ-
കർമ്മങ്ങളാൽ ദിവ്യവരങ്ങൾ നേടി. ൮

തള്ളിച്ച തേടാതെഴ മപ്പുമാന്നും
പുള്ളിക്കരംഗേക്ഷണമാനിനിക്കും
ഉള്ളിൽക്കവിഞ്ഞീശ വരപ്രസാദം
തുള്ളിക്കളിക്കുന്നു മുഖാംബുജത്തിൽ. ൯

എല്ലായ്പ്പൊഴും ദൈവവരോൽക്കരത്താ-
ലുല്ലാസിയാമുൾത്തളിർപോലെതന്നെ
ഫുല്ലാംബുജങ്ങൾക്കു സമാനമായ-
ച്ചാല്ലാളുവോർ തൻ നയനങ്ങൾ മിന്നി. ൧൦

ഉച്ചസ്ഥമായുള്ള നിജാനപായത്തിൻ
മെച്ചം മനഃപൂർവ്വമഗണ്യമാക്കി
ഒച്ചപ്പെട്ടും നിർമ്മലനായ കാന്തൻ
തച്ചന്നുചേരും തൊഴിലാചരിച്ചു. ൧൧

തേനഞ്ചിടും ത്തുമൊഴി പത്നിപാക-
സ്ഥാനത്തിലെ ജോലികൾ തീർത്തശേഷം
ഊനംപെടാതങ്ങനെ നൂററിടും നൂൽ
സാനന്ദമായ് സൗചികവേലചെയ്യും. ൧൨

നേടും ധനം മിക്കതുമല്ലലുള്ളിൽ
കൂട്ടുന്നവക്കാർദ്രതപൂണ്ടു നൽകി
പാടുള്ളവണ്ണം ഹൃദി ചാരിതാർത്ഥ്യം
തേടുന്നതിന്നായവരുദ്യമിച്ചു. ൩൩

അന്തം ഭവിക്കുന്ന വപുസ്സിനൊട്ടും
ചന്തംവരുത്താതെ തപസ്സുമൂലം
സന്തപ്തരായ്ത്തീർന്നവരെന്നുമെന്നും
സ്വാന്തമ്മനഃശക്തി ദൃഢപ്പെടുത്തി. ൩൪

ഊനംപെടാതുള്ള പരത്തിലേസ്സം-
മാനങ്ങളിൽ പ്രേമമകന്നവണ്ണം
മാനം കൊതിക്കുന്ന ജനത്തിനാന്ധ്യം
ദീനത്വമുൾക്കൊണ്ടവർ കണ്ടുകേണു. ൩൫

മാഹാത്മ്യമേറും സ്വജനവ്രജം ദു-
ർമ്മോഹാഗ്നിയിൽപെട്ടുഴലുന്നതെന്നും
സ്നേഹാതിരേകത്തൊടു് കണ്ടുമേന്മേൽ
ഹാ! ഹാ! രവം പൂണ്ടവർ നിശ്വസിച്ചു. ൩൬

ചത്ത്രയുംതാൻ വെടിയേണ്ടതാകും
വിത്തത്തെ നേടാൻ നരനന്യതാപം
മത്തദ്വിപംപോലരുളുന്ന മൌഢ്യം
ചിത്തത്തിലാതങ്കമവക്കണച്ചു. ൩൭

അന്ന്യായമെന്തെന്നറിയാതജസ്രം
ധന്ന്യാഗ്ര്യരായ് മിന്നിടുമാ മഹാത്മം
കന്യാമണി ശ്രേയസിയും നിഗൂഢം
സന്ന്യാസമുൾത്താരുകളൊത്തു നേൎന്നു. ൧൮

പണ്ടാദമാൎജ്ജിച്ചൊരു തിന്മമൂലം
തിണ്ടാടിടും മൎത്ത്യഗണത്തിനെല്ലാം
ഉണ്ടാക്കണം രക്ഷ ജവത്തിലെന്നാ-
രണ്ടാളുമെന്നും പരനോടിരന്നു. ൧൯

ഔദാൎയ്യമേറും സകലേശ പുത്രൻ
യൂദാന്വയത്തിൽ ജനി തേടുമെന്നായ്
വേദാഗമത്തിൽ പ്പറയുന്നതെല്ലാം
മോദാന്വിതം കണ്ടവരാശ്വസിച്ചു. ൨൦

ആ നിൎമ്മലൻ ദൈവകുമാരനോമൽ-
ശ്രീനിൎഭരം മൎത്ത്യനാ ചൊല്പതെല്ലാം
മാനിച്ചുവായിച്ചവ മാനസത്തിൽ
ധ്യാനിച്ചുറങ്ങാതവർ രാവു പോക്കി. ൨൧

ആശത്തിര ക്കോളിലകം കുടുങ്ങി
ക്ലേശം വരുത്തും വഴി വിട്ടിവണ്ണം
ഈശന്റെ കാൽത്താരിലണഞ്ഞനൎത്ഥം
ലേശംപെടാതായവരാശ്വസിച്ചു. ൨൨

ധാരാളമായ് നന്മവിളങ്ങുവോരു-
ത്താരാകവേ ഭക്തി നിറഞ്ഞൊരിക്കൽ
പേരാളു മക്കന്യ ഗൃഹത്തിലൂനം
ചേരാതെ ദൈവസ്തുതി ചെയ്തിരുന്നു. ൨൩

പീനപ്രകാശത്തൊടു "ഗൌറിയേ"ലാം
വാനത്തിലേ മുഖ്യരിലേകനപ്പോൾ
ആ നല്ല കന്യാമണി തൻ സമീപ-
ത്താനന്ദമൊടാഗതനായ്ക്കഥിച്ചു. ൨൪

"സൈ്വരം ഗുണശ്രേണികളുല്ലസിക്കും
സ്ത്രീരത്നമേ! സ്വസ്തി; വിശുദ്ധനീശൻ
സാരജ്ഞയാം നിന്നൊടുകൂടി; നാരീ-
വാരത്തിലാശിസ്സു വിളങ്ങുവോൾ നീ." ൨൫

"ഈ വന്ദനീയാകൃതിയായ വാനോ-
നാവശ്യമെന്തി ക്കുശലോക്തി ചൊല്ലാൻ"
ഈവണ്ണമോർത്തിട്ടു മുഖത്തിലല്പം
വൈവർണ്ണ്യമോടത്തനഗാത്രിനിന്നു. ൨൬

വാടിപ്പൂരുങ്ങും വധുവോടു മോദം
തേടിദ്രുതം വാനവ നേവമോതി;
"പേടിച്ചിടേണ്ടാ മറിയേ! വരൌഘം
നേടിസ്ഫുരിക്കുന്നിതു നീ സുശീലേ! ൨൭

"എല്ലായ്പ്പോഴും നിൎമ്മലയായ് വിളങ്ങും
നല്ലാർമണേ! ഗൎഭിണിയായ്പ്പെറും നീ;
വല്ലായ്മ നീക്കീടുക, 'യേശു'വെന്നി-
ച്ചൊല്ലാൎന്നപേരത്തനയന്നു നൽകൂ. ൨൮

"സേവാർഹനാമപ്പരിശുദ്ധവത്സൻ
ദേവാത്മജൻ പ്രേമമയൻ, വിശേഷാൽ
ഭൂവാണ്ടദാവീദു നൃപൻെറ പീഠം
ശ്രീവായ്ക്കുമങ്ങേയ്ക്കഖിലേശനേകും. ൨൯

"പാലിക്കുമസ്വാമി മഹസ്സൊടിസ്രാ-
യേലിൻെറ ചൊൽപ്പൊങ്ങിന മന്ദിരത്തെ
മാലിന്യമേശാതെ തദീയരാജ്യം
മേലിൽപ്പരം മേന്മയൊടുല്ലസിക്കും." ൩൦

ആ വന്ദ്യയാകും മറിയം ഭയത്താൽ
വൈവശ്യമാൎന്നിങ്ങനെ ചൊല്ലിമന്ദം
"ഈവണ്ണമായെങ്ങനെ വന്നിടുംപോ-
ലീവത്സയായോളറിയാ പുമാനെ." ൩൧

"ഈശന്നു താൻ നേൎന്ന വരവ്രതത്തിൻ
നാശംഭവിക്കാനിടയാ"മിവണ്ണം
ക്ലേശത്തൊടോൎക്കും വധുവോടു വാനോ-
നാശങ്കതീൎത്തീവിധമോതി വീണ്ടും. ൩൨

“പേരുററം നിൎമ്മായ നരരൂപി നിന്മേൽ
കാരുണ്യമൂലംകൊണ്ടെഴുന്നള്ളുമാറ്റേ!
പോരുംഭയം; ദൈവികമായ കെൽപ്പും
ചാരുത്വപമോട്ടം നിഴലിക്കുമപ്പോൾ. ൧൫

“ചിന്താതിരേകം മതി; വൈരിസാത്താൻ
പന്താട്ടമീ മൎത്ത്യഗണത്തിനെല്ലാം
സന്താപമൻപോടു മകററിടും നിൻ
സന്താനമീശന്റെ കുമാരനത്രേ. ൧൬

“എന്നും മനസ്സിൽ പരിശുദ്ധിമൂലം
മിന്നുന്നൊ രേലീശ്വുവ തൻവയററിൽ
ഇന്നുണ്ണിയെക്കൊണ്ടൽ പയസ്സിനെപ്പോൽ
തന്നുള്ളിൽ മുത്തോടുവഹിച്ചിടുന്നു. ൧൭

“പേരാവരേണ്യയ്ക്കുണയാഞ്ഞതകം വെ-
ണ്ണീറാക്കി നാൾപോക്കിയിരുന്നവല്ലോ;
ക്രൂരാളമീനിൻ സപ്വജനത്തിനിപ്പോ-
ളാറായിമാസം; പരനില്ലസ്സാദ്ധ്യം.” ൧൮

വല്ലായ്മവിട്ടേററമടക്കമോടാ-
നല്ലാർമുടിക്കല്ലരചെയ്തിതപ്പോൾ
“ചൊല്ലാളമീശന്നടിയാളിതാ; നിൻ-
ചൊല്ലായതിന്നൊത്തു ഭവിച്ചിടട്ടേ.” ൧൯

സത്യസ്വരൂപൻ സ്വതനീശനേവം
കൃത്യജ്ഞയാം കന്യ കഥിച്ചനേരം
അത്യർത്ഥമൻപോടു മനുഷ്യനായ-
സ്സ്തുത്യർഹ തൻ കുക്ഷിയിലുത്ഭവിച്ചു. ൩൮

മാനിച്ചു പിൻപീശദയാതിരേകം
ധ്യാനിച്ചുകൊണ്ടേറിയ ഭക്തിയോടും
ആ നിർമ്മലാംഗീമണി വാണിടുമ്പോൾ
വാനിൽസമോദം ഗതനായി വാനോൻ. ൩൯

തേനഞ്ചുമോമൽ സ്വനമോടനേകം
ഗാനങ്ങളാൽ ദേവനനന്ദിചൊല്ലി;
സാനന്ദ മേലിശ്ശുവതൻ നിവാസ-
സ്ഥാനത്തിന പ്പെൺമണിപോയിപിന്നെ. ൪൦

പാരം പണിപ്പെട്ടു നടന്നുചെന്ന-
സ്ത്രീരത്നമേലീശ്ശുവതൻ ഗൃഹത്തിൽ
സാരസ്യമുൾക്കൊണ്ടു കടന്നാപിൻപാ-
ചാരത്തൊടും സ്വസ്തി കഥിച്ചു നന്നായ്. ൪൧

നേരായുടൻ പാവനനാമരൂപി-
ക്കാരാമമായ്ത്തീർന്നു കാരണത്താൽ
പേരാളു മേലീശ്ശുവ തുഷ്ടിതന്നുൾ-
ത്താരായതിൽ പൂണ്ടുകഥിച്ചിതപ്പോൾ. ൪൨

"മല്ലാക്ഷിമാരിൽ സകലേശ്വരാശി-
സ്സെല്ലാ മതുല്യം വിലസീടുവോൾ നീ;
നല്ലാർമണേ! നിൻജഠരത്തിൽ വാഴും
ചൊല്ലാളുവോരാ ഫലവും വരാഢ്യം. ൪൩

"നേരാദരിക്കും നിഖിലേശ്വരൻതൻ
പോരാന്ന മാതാവു മമാന്തികത്തിൽ
ചേരാൻ മഹാഭാവുകമെപ്രകാരം
പോരായ്മക്കുട്ടന്നൊരിവൾക്കുദിച്ചു? ൪൪

"ഉത്തുംഗ സൌഭാഗ്യമിയന്ന നിൻ ശ്രീ
മെത്തുന്നതാം വന്ദനമെൻെറ കാതിൽ
എത്തുംവിധൌ കുക്ഷിയി ലിൻപമേറി-
ത്തത്തുംവിധം പിള്ള കുതിച്ചു തുള്ളി. ൪൫

"ദൈവത്തിൽ വിശ്വാസമുറയ്ക്കമൂലം
കൈവന്നഭാഗ്യം ഭവതിക്കു ഭദ്രേ!
ദൈവം കനിഞ്ഞോതിയ വാക്യമെല്ലാം
സ്ത്രീവയ്യയാം നിന്നിൽ നിവൃത്തി തേടും." ൪൬

ആ വന്ദ്യയാം കന്യ മഹസ്സിണങ്ങും
ഭാവത്തൊടന്നേരമിവണ്ണമോതി;
"ദൈവത്തെ ഞാനെപ്പൊഴു മഗ്ര്യഭക്തി-
വൈവശ്യമുൾക്കൊണ്ടു പുകഴ്ത്തിടുന്നു. ൪൭

"ഇന്നാരിയോടൻപു കലൎന്നിവണ്ണം
നന്നായ് പുലൎത്തും ജഗദീശ്വരങ്കൽ
എന്നാശയം വേണ്ടപടിക്കുചേൎന്നി-
ട്ടെന്നാളു മിൻപത്തെ വഹിച്ചിടുന്നു. ൪൮

"സത്യം നടത്തും സകലേശനങ്ങേ-
ഭൃത്യയ്ക്കുഴം താഴ്മ കനിഞ്ഞു കണ്ടു;
സ്തുത്യൎഹയെന്നായതു കാരണത്താൽ
നിത്യം തെളിഞ്ഞെന്നെ വിളിക്കുമാരും. ൪൯

"ആൎയ്യപ്രഭാവൻ പരമൻപിതാ വൈ-
ദാൎയ്യം കലൎന്നാശ്രിതയാകുമെന്നിൽ
കാൎയ്യം മഹത്തായതു ചെയ്തിതങ്ങേ-
വീൎയ്യം വിളങ്ങീടിന പേർ വിശുദ്ധം. ൫൦

"എന്നെന്നുമുള്ളിൽ ഭയഭക്തിയോടും
തന്നെ സ്തുതിക്കുന്ന ജനത്തിനെല്ലാം
നന്നെത്തെളിഞ്ഞൻപു കലൎന്നനൎഘം
വന്നെത്തിടായ്‌വാൻ തുണചെയ്യു മീശൻ. ൫൧

"കാണിക്കുമൻപെന്നിയെ ബാഹുവീൎയ്യം
കാണിച്ചഹങ്കാരികളെത്തുലച്ചു;
നാണിക്കുമാറാക്കി ബലിഷ്ഠരെത്താൻ
ക്ഷീണിച്ചവൎക്കേറെ മഹസ്സണച്ചു. ൫൨

"ക്ഷുത്തല്പമല്ലാർത്തെഴവോക്കു ദേവൻ
ഹൃത്തട്ടിലിമ്പത്തൊടു തൃപ്തി നൽകി;
വിത്തംനിമിത്തം ഞെളിയും ജനത്തെ-
ച്ചിത്തത്തിലേററം വ്യഥ ചേർത്തയച്ചു. ൫൩

"തിങ്ങുന്ന ക്രൂരൊത്തു പിതാക്കളോടാ-
യങ്ങുന്നു കല്പിച്ചു പടിക്ക തന്നേ
പൊങ്ങുന്നതാമാധിനിമിത്തമുള്ളം
മങ്ങും ജനത്തിന്നു തുണച്ചു നന്നായ്." ൫൪

ആസന്നമിപ്പാരിനു രക്ഷയെന്നാ-
ശംസിത്തൊടോത്തപ്പികവാണി പിന്നെ
മാസങ്ങൾ മൂന്നക്കുശലം വിളങ്ങും
വാസത്തിൽ വാണിട്ടു തിരിച്ചുപോയി. ൫൫

പില്പാടൊരാൺപൈതലിനെ സമോദം
നല്പാളു മേലീശുവ പെററിതപ്പോൾ
കെല്പാർന്ന നാഥൻെറ പവിത്രമാകും
പൊല്പാദതാരേവരുമൊത്തുകൂപ്പി. ൫൬

ദീനാവനാർത്ഥം മിശിഹാ വരുന്നോ-
രാനാളിലങ്ങേവഴി ഭദ്രമാക്കും
മാനാർഹനാമ സ്ലീശുവിന്നു യോഹ-
ന്നാനാഹ്വയം സൽ ഗുരുവയ്യനേകി. ൫൭

ശ്രീലാഗ്ര്യനീ ശാത്മജനീ ജഗത്തിൻ
മാലാകെ മാററുംപടി മർത്ത്യനാവാൻ
ചേലാളുമക്കന്യ ധരിച്ച ഗർഭം
കാലാത്യയത്താൽ പരിപുഷ്ടിതേടി. ൨൮

നല്ലാക്കിണങ്ങും മൂടിയായിട്ടും തൻ
മല്ലാക്ഷിയിൽക്കണ്ടൊരു ഗർഭ ചിഹ്നം
ചൊല്ലാൻ യൌസേപ്പിന്നു മാനസത്തിൽ
ചൊല്ലാവതല്ലാത്ത വിഷാദമേകി. ൨൯

ഉള്ളിൽ ഭയാശങ്കകളെപ്പൊഴും തീ-
ക്കൊള്ളിക്കു തുല്യം വ്യഥചേർത്തുചേർത്തും
തള്ളിക്കടന്നാപ്പരിശുദ്ധനാകും
പുള്ളിക്കു മേന്മേലകതാരെരിച്ചു. ൩൦

കാന്തയ്ക്കെഴും ദൈവഭയത്തിനേയും
സ്വാന്തത്തിനുള്ളോരു വിശുദ്ധിയേയും
ശാന്തസ്വഭാവത്തെയുമോർത്തു ധന്യൻ
ഭ്രാന്തൻെറ രീതിക്കു പരിഭ്രമിച്ചു. ൩൧

നാരായവേരററ മരം കണക്ക-
ദ്ധീരാശയൻ തന്നുടലാകെ വാടി;
ഘോരാബ്ധിയാൽ കോളെഴുമണ്ണവത്തിൻ
നേരായ് ചലിയ്ക്കും ഹൃദി ചിന്തചെയ്തു. ൩൨

"എന്താണു ചെയ്യേണ്ടതു ദൈവമേ! ഞാൻ
ചിന്താശതത്താ ലുഴലുന്നിതിപ്പോൾ
വെന്താകെ നീറുന്ന മനസ്സെനിക്കീ-
സ്സന്താപഭാരം സഹനീയമല്ല. ൱൩

"അററാമദീയം ഭവികം സമൂലം?
വിററോ വിവേകം മമ ധർമ്മപത്നി
തെററോ മമാശങ്കകളീ വിശേഷം
ചെററാക്കുവാനും വളരെ പ്രയാസം. ൱൪

"ചേതോഹര ശ്രീമണി സൌധമാമെൻ
ശാതോദരിക്കിഷ്ടമഘത്തിലെത്താ;
ഏതോ വികാരം നയനത്തിനുണ്ടായ്
ഹാ! ഭേദമെന്നുള്ളിലുയർന്നിട്ടുന്നോ? ൱൫

"കിഞ്ചിജ്ജ്ഞനാ മെന്നെ മദീയ നേത്രം
വഞ്ചിക്കുമോ? ദേവ! ദയാപയോധേ!
നെഞ്ചിൽ സമാധാനമശേഷവും പോ-
യഞ്ചിത്തപിച്ചേറെ വലഞ്ഞു ദാസൻ. ൱൬

"പേരുററ മാഹാത്മ്യമിണങ്ങിയോരെ-
പ്പേരും പ്രശംസിച്ചിട്ട മീശപുത്രൻ
കാരുണ്യമോടീ വധുവിൻവയററിൽ-
പ്പോരുന്നമിപ്പിപ്പതിനുത്ഭവിച്ചോ? ൱൭

"എന്നാളുമേററം ഭയഭക്തികൈക്കൊ-
ണ്ടിന്നാരിചെയ്യും സുകൃതങ്ങൾ മൂലം
നന്നായ് തെളിഞ്ഞീശപരനോമലാളെ-
ത്തന്നാത്മജൻ തൻ പ്രസുവാക്കി നൂനം. ൯൮

"തങ്കം വെറും പിച്ചളപോൽ ഗണിക്കും
വങ്കൻകണക്കീ മണിതല്പജത്തിൽ
ശങ്കയ്ക്കൊരുമ്പെട്ട ളവററതാമാ-
തങ്കം സഹിച്ചോരിവനെത്ര മൂഢൻ! ൯൯

"വൈകല്യമെല്ലാമലിവോടൊഴിച്ചീ-
ലോകത്തെ രക്ഷിച്ചിട്ടുമീശപുത്രൻ
ശോകത്തിനാളാം വിധമല്പനാമെ-
ന്നോകസ്സിൽ വാഴാൻ തിരുവുള്ളമായോ? ൱

"പീനാനുഭാവം പെടുമീശനാരീ-
ഞാനാരെനിക്കില്ലൊരു മേന്മതെല്ലും;
ദീനാവലംബം പരനെങ്കിലും ഹാ!
ഹീനാലയാവാസമയോഗ്യമല്ലേ? ൱൧

"ഓമൽപ്രിയയ്ക്കൂനമശേഷമുള്ളിൽ
പ്രേമത്തിനില്ലെങ്കിലുമിപ്രകാരം
ഈ മന്ദിരത്തിൽക്കുടികൊള്ളുവാൻ മേ-
ലീമന്ദഭാഗ്യൻ നിതരാമയോഗ്യൻ." ൱൨

നീതിയ്ക്കുരങ്ങായിട്ടു മാമഹാനീ-
രീതിയ്ക്കനേകം നിരുപിച്ചൊട്ടുക്കം
ശ്രീ തിങ്ങുമ പ്രേയസിയെ ത്യജിപ്പാൻ
ഭീതികളാക്കാം ഹൃദി നിശ്ചയിച്ചു. ൧൩൦

അന്നിൻപ മുഴുപ്പുവിലണ പ്രമാണം
മുന്നിട്ടു നിദ്രയ്ക്കു തുടങ്ങിയപ്പോൾ
ഉന്നിദ്രഭാസ്സോടത്തൊരു ദൈവദൂതൻ
വന്നിട്ടു യൌസേപ്പിനൊടേവമോതി: ൧൩൧

"പേരാണ്ട ദാവീദിന സൂനുവാം നീ
യേമരായ്ക്ക നിൻ മാനിനിയെ ത്യജിപ്പാൻ
ധീരാഗ്ര്യ! ദൈവാത്ഭുത വൈഭവത്താ-
ലാരാമയിൽ ഗർഭമിവണ്ണമുണ്ടായ്. ൧൩൨

"ആ നാരിയാൾ താൻ പ്രസവിക്കുവോര-
പ്പീനാനുഭാവം കലരും കുമാരൻ
ദീനാവനം ചെയ്യുകകൊണ്ടു യേശു-
ശ്രീ നാമമങ്ങേയ്ക്കു വിളിക്കണം നീ. ൧൩൩

"സ്ത്രീരത്നമാം കന്യക ഗർഭമുണ്ടായ്
സൈപരം പെറും പുത്രനെയെന്നു ദേവൻ
ധീരക്കെഴും നാവിലണച്ച ചൊല്ലിൻ
സാരം ഫലിക്കാനിവ സംഭവിച്ചു." ൧൩൪

സാരസ്യമുൾക്കൊണ്ടിവ ചൊല്ലി വാനോൻ
പാരം പ്രസാദത്തൊടു വാനിലേറി;
സൈ്വരം മനക്കാമ്പു-പരാഗമുക്തൻ
സൂരൻ കണക്കസ്സുകൃതിക്കുമിന്നി. ൧൮

ദീനൎക്കു താങ്ങാം പരനെപ്പുലൎത്തും
സ്ഥാനം തനിക്കേകിയതോൎത്തുതുല്യം
ആനന്ദമോൎത്തീശ മനോഗുണത്തിൻ
ധ്യാനത്തൊടാ രാത്രി കഴിച്ചു വന്ദ്യൻ. ൧൯

നേരം വെളുത്തോരളവിൽ ത്തുടങ്ങി
ദ്വാരങ്ങളേറെ ത്തെളിയും വിധത്തിൽ
സാരജ്ഞനാ മപ്പുരുഷേന്ദ്രനെല്ലാ-
നേരത്തു മുത്സാഹമിയന്നു മേവി. ൨൦

ധൎമ്മം വിളങ്ങും നിജ കാന്തനേററം
ശൎമ്മം ഭവിക്കുന്നതിനൊത്തവണ്ണം
മൎമ്മജ്ഞതയാം കന്യയുമെന്നു മോരോ-
കൎമ്മങ്ങളും പ്രീതി കലൎന്നുചെയ്തു. ൨൧

ആമഞ്ജുഗാത്രിക്കഥ സൂതിമാസം
ക്ഷേമത്തിന്നൂനം പിണയാതണഞ്ഞു;
തൂമഞ്ഞു തൻ മുഷ്ക്കു മുറയ്ക്കുകൂട്ടുകും
ഹേമന്തമപ്പോൾ ഭുവനത്തിലെത്തി. ൨൨

വ്യോമത്തിനെ ക്കൊണ്ടൽ വെടിഞ്ഞു, തോയ
ക്ഷാമം സരസ്സിൻ നികരത്തിനുണ്ടായ്;
സോമൻപരം കാന്തി കലൎന്നു താര-
സ്തോമങ്ങളൊന്നിച്ചു വിളങ്ങി രാവിൽ. വ്വന്മ

നാലാശകൾക്കും തെളിവെത്തി, വാനം
നീലാംശുകംകൊണ്ടു പൊതിഞ്ഞപോലായ്;
മാലാകെ വേർപെട്ട മനസ്സുപോലെ
കീലാലമറ്റൂ സ്ഫടികാഭനേടി. വ്വർ

സൂൎയ്യൻ മറഞ്ഞാൽ മറുനാളിലേററം
വീൎയ്യത്തൊടക്കൻ വിലസും വരെയ്ക്കും
ധൈൎയ്യം നരക്കററിട്ടമററു പാരിൽ
ക്രൌൎയ്യത്തൊടെങ്ങും വിളയാടി ശീതം. വ്വരു

കേറാനൊരുമ്പെട്ട കുരങ്ങിനേററം
ക്രൂരാൎന്നു ചാരീടിന കോണി പോലെ
മാറാതെ വീശും ചെറുകാററു ശീതം
പേറാൻ പ്രയാസം പരമാക്കിമേകി. വ്വന്വ

നീരായതിൻ പേർ ചെവിയിൽ പതിച്ചാ-
ലോരാതെ ഞെട്ടും മനമേതവന്നും;
ധീരാശയക്കും കുളികമ്പമേററം
ചേരാതെ സാധിപ്പത പൂൎവ്വമായി. വ്വര

ഊററം പെരുത്തുള്ള തണുപ്പുമൂലം
തോററമ്പരന്നന്ത മണഞ്ഞിടായ്‌വാൻ
ഏററം കനം കൂടിയ കംബളത്തെ
മാററംപെടാതേവരു മാശ്രയിച്ചു. ൮൮

വല്ലാതെ രാവിൽ പ്പെരുകും തണുപ്പിൻ
മല്ലാകെ മർത്ത്യക്കകലത്തകററി
തെല്ലാശ്വസിപ്പിക്കുവതിന്നു വഹ്നി-
ക്കല്ലാതെ കെല്പൊന്നിനു മെത്തിയില്ല. ൮൯

ധാരാളമായ്ത്തന്നുടെ കീഴിൽ വാഴു-
ന്നോരാ ജനത്തിൻ തുക തിട്ടമാക്കാൻ
പേരാണ്ട റോമായുടെ കേസറാ നാം
പാരാതെ കല്പിച്ചറിയിച്ചിതെങ്ങും. ൯൦

“ഒന്നായ് ജനം തൻകുലനാഥനായോൻ
മുന്നാം വസിച്ചോരു പുരത്തിലെത്തി
തന്നാമധേയാദികളെക്കണക്കിൽ
നന്നായ് പതിപ്പിക്കണ”മെന്നു ചട്ടം. ൯൧

ഈശാജ്ഞപോൽ വിശ്രുതമായ ദാവീ-
ദീശാനപായം മേവിയ ബേസ്‌ലഹേമിൽ
ധീശാലിയൌസേപ്പതിനാൽ വിളംബ-
മേശാതെ തൻ പത്നിയൊടൊത്തുപോയി. ൯൨

ഖേദം സഹിക്കുന്ന ജനത്തിനെല്ലാ-
മാദശ്മായ് തീരുവതിന്നുപോലെ
സാദം വഴിക്കെത്തുകിലും നിതാന്തം
മോദത്തൊട ദമ്പതിമാർ ഗമിച്ചു. ൯൩

ഗാത്രത്തിനദ്ധ്വശ്രമതാപമിന്നൊ-
മ്മാത്രം ഭവിച്ചീടിലുമങ്ങുചെന്നാൽ
ഗോത്രത്തിലുള്ളോരതകററുമെന്നാ-
യാത്രയ്ക്കിടയ്ക്കോർത്ത വരാശ്വസിച്ചു. ൯൪

നീലാംബുദങ്ങൾക്കു മിളപ്പമേകും
ചേലാർന്ന പത്രാവലിയാൽ ദ്രുമൌഘം
വൈലാൽ തപിക്കും സമയത്തിലെല്ലാം
മാലാ വിശിഷ്ടർക്കകലത്തകററി. ൯൫

സ്വേദം തുടച്ചാ മഹിതർക്കു വായ്ക്കും
പാദങ്ങൾ തൻ വേദന ശാന്തമാക്കി
സാദം കുറയ്ക്കാൻ മതിരും പ്രകാരം
ഭേദംവിനാ കാററുപചാരമേകി. ൯൬

ക്രൂരർക്കു മിത്രങ്ങൾ വരുമ്പൊളിഷ്ടം
പേറുന്നവർക്കുള്ള മുഖങ്ങൾപോലെ
ഏറുന്നമുത്തോടവർ ചാരുവല്ലി-
തോറും വിളങ്ങും കുസുമങ്ങൾകണ്ടു. ൯൭

മെച്ചം തുളുമ്പും പഴമാസ്വദിപ്പാ-
നച്ചംപെടും ശാഖികൾ തോറുമെത്തും
പച്ചക്കിളിക്കൂട്ട മതുല്യമിൻപം
സച്ചൎയ്യ പാലിക്കുമവൎക്കു നൽകി. ൯൮

ദീനൎക്കു മാശ്വാസമിണക്കിടും മ-
ട്ടാനല്ല കീരപ്രകരം പൊഴിക്കും
തേനഞ്ചിടും മാധുരിചേരുമോമൽ-
സ്വാനങ്ങളാശ്ചൎയ്യമവൎക്കണച്ചു. ൯൯

മേടിൻപുറത്തും തെളിവോടു മോടി-
ച്ചാടിക്കളിക്കും ശിശു മേഷവൃന്ദം
വാടിത്തളൎന്നീടു മവൎക്കുടൻ ചാ-
ഞ്ചാടിത്തുടങ്ങും ഹൃദയം കവൎന്നു. ൧൦൦

നാടത്രയും നൽപ്പൂകൾ ചേൎത്ത പുണ്യ-
വാടങ്ങളായീടു മവൎക്കുതുല്യം
കേടററ ധാന്യങ്ങൾ വിളഞ്ഞുമിന്നും
പാടങ്ങൾ കണ്ണിന്നു തണുപ്പുനൽകി. ൧൦൧

തൊട്ടാലുടൻ മസ്തകവും വിറയ്ക്കും-
മട്ടായ്ത്തണുപ്പേറിയ തോയമെങ്ങും
മുട്ടാതെ കിട്ടാനിടയാകയാല-
ത്വപിട്ടാളുവോൎക്കുള്ളിനു തൃപ്തിതോന്നി. ൧൦൨

ദൂരം ഗണിയ്ക്കാതിതുപോൽ ഗമിച്ചി-
ട്ടാരമ്യമാം ബേസലഹേം പുരത്തിൽ
പാരം വശം കെട്ടിനനസ്തമിക്കും
നേരത്തില ദ്ദമ്പതിമാരണഞ്ഞു. ൧൦൩

ലോലാക്ഷിയാം കാന്തയൊടൊത്തു ധാത്രീ-
പാലാജ്ഞപോൽ പേരെഴുതിച്ചശേഷം
മാലാന്യ യൌസേപ്പിരവിൽ കഴിപ്പാൻ
ചേലാൎന്നഗേഹം നഗരത്തിൽ നോക്കി. ൧൦൪

ക്ഷേമത്തവും കെൽപ്പുമെഴും ജനത്തിൻ
സ്തോമത്തിനാൽ കിഞ്ചനമുൻപുതന്നെ
ആ മഞ്ജുളശ്രീവിലസും പുരത്തിൽ
ധാമങ്ങളെല്ലാം പരിപൂൎണ്ണമായി. ൧൦൫

എല്ലാനിവാസത്തിലുമെത്തിയിട്ടും
നല്ലാക്കിരിപ്പാനിടമേകുവാനായ്
ചൊല്ലാൎന്നയൌസേപ്പകതാരിലേറ്റം
വല്ലായ്മകൈക്കൊണ്ടു കരഞ്ഞിരന്നു. ൧൦൬

"മല്ലിട്ടിടായ്‌വിൻ, സ്ഥലമന്യനേകാ-
നില്ലില്ല, നില്ലേണ്ടിവിടത്തി"ലേവം
ചൊല്ലിത്തുഷം പോലവരെത്ത്യജിച്ചാർ
കല്ലിന്നുനേരാമകമോടുപൌരർ. ൧൦൭

കാണിക്കപോലുംദയപൌരരാരും
കാണിച്ചതില്ലെങ്കിലു മാവിശുദ്ധൻ
നാണിച്ചിടാത്തുള്ള ഗൃഹത്തിലെല്ലാം
ക്ഷീണിച്ചുചെന്നാങ്ങിനെ കെഞ്ചി വീണ്ടും. ൧൦൮

ദാവക്കൊടുന്തീയിൽ വനംകണക്ക
വേവന്തരംഗത്തിലുയന്നിവണ്ണം
ആ വന്ദ്യനത്ഥിച്ചതശേഷമയ്യോ!
പാവം! വൃഥാവായ് വനരോദനം പോൽ. ൧൦൯

കിട്ടാതിരിക്കില്ലിടമെന്നു തന്നുൾ-
ത്തട്ടായതിൽ ചിന്തയൊടാ വരിഷ്ഠൻ
തപിട്ടാളുമോമൽ പ്രിയ ചേൎന്നമാന്തം
വിട്ടാശ്രു വീണ്ടും നിലയം തിരഞ്ഞു. ൧൧൦

ശോകാന്ധയാമീ മഹിളാവതംസം
ലോകാന്തരത്തിൽ പരിപൂജ്യയെന്നായ്
കാ, കാ, രവത്താലറിയിച്ചിട്ടും പോൽ
കാകാളി ശബ്ദിച്ചഥക്രുട്ടകേറി. ൧൧൧

മററുള്ള പക്ഷിപ്രകരങ്ങളും മു-
ത്തററുള്ള മട്ടാം കരടാരവത്താൽ
മുററും ഭയം പൂണ്ടപടിക്കനീഡം
പററുന്നതിന്നായുഴറിപ്പറന്നു. ൧൧൨

ചാട്ടത്തിനേററം വിരുതുള്ള കുട്ടി-
ക്കൂട്ടത്തൊടാട്ടിൻ നികരങ്ങളേയും
കോട്ടം പെടാതുള്ള പശുക്കളേയും
നോട്ടത്തിനേർപ്പെട്ടവർ കൂട്ടിലാക്കി. ൧൧൩

ശുക്കന്തരംഗത്തിലുയന്നിരുണ്ടോ-
രക്കന്യതന്നാസ്യമൊടൊക്കുവാൻ പോൽ
രുക്കത്രയും മന്ദമകററിയിട്ടാ-
ദിക്കന്ധകാരത്തെ വരിച്ചിതപ്പോൾ. ൧൧൪

വീടിന്നകത്തും ചുണയോട്ടുകൂട്ടം
കൂടിക്കടക്കും തിമിരത്തെയെല്ലാം
ഓടിക്കുവാൻപോലെ ജനങ്ങളപ്പോൾ
മോടിക്കു ദീപങ്ങൾ കൊളുത്തിവെച്ചു. ൧൧൫

അന്തിക്കരിങ്കാർ കുഴലാൾ കഴുത്തിൽ
പന്തിക്കു ചാർത്തും മണിമാലപോലേ
പൊന്തിജ്വലിച്ചങ്ങനെ ചന്തമേററം
ചിന്തിപ്രകാശിച്ചിതു ദീപമെങ്ങും. ൧൧൬

ഗോത്രയ്ക്കകത്തങ്ങിനെ കൂരിരുട്ടിൻ
ഗോത്രം വിശങ്കം വിളയാടിയപ്പോൾ
നേത്രങ്ങളിൽ കാഴ്ച ലഭിച്ചു മത്തിൻ
പാത്രങ്ങളായ്ത്തീന്നിതുലൂകമെല്ലാം,. ൧൧൭

“വീടിന്നകത്തായ് നരർ കൂട്ടക്കാരേ,
നാടിന്നു നാം നാഥർ വെളുക്കുവോളം;
പേടിയ്ക്കവേണ്ടെ”ന്നു കുറുക്കനിമ്പം
തേടിക്കഥിയ്ക്കും പടികൂകിപ്പേർത്തും. ൧൧൮

തട്ടിപ്പുകൂട്ടം മൃഗധൂർത്തകൻ ഭീ-
വിട്ടിപ്പുടിക്കുകി നൊരുങ്ങിയപ്പോൾ
പട്ടിക്കു ശൌര്യത്തിനുണർച്ചനന്നായ്
തട്ടിക്കുരച്ചങ്കണമെങ്ങുമോടി. ൧൧൯

ധാരാധരത്തിൻ തരിപോലുമെങ്ങും
ചേരാതെയുള്ളോരു നഭസ്ഥലത്തിൽ
ധാരാളമായ്ത്തീപ്പൊരി വീണവണ്ണം
താരാളിനീരന്ധ്രതപൂണ്ടുദിച്ചു. ൧൨൦

സൂരന്റെ രശ്മിക്കിടിവെത്തിയോരാ-
നേരം ധരയ്ക്കുള്ളിലുദിച്ച ശീതം
സൈ്വരം മരുത്തേററു വളർന്നൊട്ടക്കം
പാരം ജനൌഘത്തിനസഹ്യമായി. ൧൨൧

കൊല്ലാതെകൊല്ലുന്നതണുപ്പിനാൽമെ-
യ്യെല്ലാംവിറച്ചേററ മരച്ചുലോകം
സല്ലാപമെല്ലാം മതിയാക്കിയിട്ടാ
വല്ലായ്മനീക്കാൻ ശിഖിയോടടുത്തു. ൧൨൨

ശീതം കടക്കാത്ത ഗൃഹത്തിനുള്ളിൽ
സ്ഫീതപ്രമോദം ധനപുഷ്ടി പൂണ്ടോർ
സാതം വളർത്തും മൃദുശയ്യയിന്മേ-
ലാതങ്ക മേശാതെ കിടന്നുറങ്ങി. ൧൨൩

നീറുംമനസ്സിൽ പ്പല ചിന്ത തിങ്ങി-
ക്കേറുന്ന യൌസേപ്പൊരുപാടു നേരം
ക്രൂരുള്ള തൻപത്നിയുമായ് വൃഥാപേ-
രേറുന്നൊരപ്പൂർ ലലഞ്ഞു കഷ്ടം! ൧൨൪

സാധിക്കയില്ലാഗ്രഹമെന്നൊടുക്കം
ബോധിച്ചു പൂജ്യാശയനാ വിശുദ്ധൻ
രോധിക്കവയ്യാത്ത പടിക്കു കണ്ണീ-
രാധിത്തിരക്കാൽ മഴപോലൊഴുക്കി. ൧൨൫

സാമാന്യമല്ലാതെ തനിക്കുദിച്ചോ-
രാമാൽ കുറഞ്ഞൊന്നു കുറഞ്ഞനേരം
ധീമാൻ വിശിഷ്ടൻ നഗരത്തെവിട്ടാ-
വാമാക്ഷിയോടൊത്തുതിരിച്ചു പോയി. ൧൨൬

പോരുംവഴിയ്ക്കുന്നവർ കണ്ടതായോ-
രാരും ഗണിക്കാത്ത പശുത്തൊഴുത്തിൽ
താരും തൊഴും മെയ്യെഴു മോമലാളും
പേരുറ്റൊരാ നിർമ്മലനും കടന്നു. ൧൨൭

“ദൈവം ഗ്രഹിക്കുന്നു സമസ്തു, മങ്ങേ-
യ്ക്കീവണ്ണമിന്നാശയ”മെന്നുമെല്ലാം
ആവന്ദ്യരോത്തീററ മടക്കമോലും
ഭാവത്തൊട ശ്ശാല ശ്ശുചീകരിച്ചു. ൧൨൭

കാററും തണുപ്പും തടവററുമെയ്മേ-
ലേററും നടന്നും പെരുകും ശ്രമത്തെ
മാററുന്നതിന്നായ് മുതിരാതെ വിശ്രമം
പോററുന്ന നാഥന്നവർ നന്ദിചൊല്ലി. ൧൨൮

പാപാന്ധകാരങ്ങളൊഴിച്ചു ഭൂവിൻ
ശാപാന്ത മൻപോടരുളീടുവാനായ്
ആപാവനശ്രീ പെട്ടമി ജ്ജനങ്ങൾ
രാ പാതിയാവോളമിരന്നു പിന്നെ. ൧൩൦

അപ്പാവനാംഗീ ജാരത്തിൽ നിന്നും
മുപ്പാരിന്തുന്നാം വിഭുവിൻെറ പുത്രൻ
അപ്പാതിരാനേര മസാരനെപ്പോ-
ലിപ്പാരിലൻപോടവതീർണ്ണനായി. ൧൩൧

സൂരാഭതെല്ലും സ്ഫടികത്തി ന്നൂനം
ചേരാതെ കണ്ടപ്പുറ മെത്തിടുംപോൽ
ആരാമതൻ കുക്ഷിയിൽ നിന്നമന്ദം
പേരാള മീശാത്മജനുത്ഭവിച്ചു. ൧൩൨

മാലിത്തിരിക്കും കലരാതെ കണ്ടും
മാലിന്യമേശാതെയുമാവിസാംഗി
കാലിത്തൊഴുത്തിൽ ഭുവനങ്ങൾ മൂന്നും
പാലിക്കുവോനെ പ്രസവിച്ചു, ചിത്രം! ൧൩൩

എന്നാളുമന്ധത്വമിയന്നിരിപ്പോ-
നൊന്നാമതക്ക പ്രഭകണ്ടവണ്ണം
അന്നാരിതൻ പുത്രനെ മാനസാബ്ജം
നന്നായ് പ്രസാദിച്ചവളുററു നോക്കി. ൧൩൪

ദീനത്വമൂലപ്പൂവിലനന്തരം തൻ
ഹീനത്വമോൎത്തുവ തമ്മ നീക്കി
ആനന്ദബാഷ്പക്കടലിൽക്കുളിപ്പി-
ച്ചാ നന്ദനൻ തൻകഴൽചേൎത്തു ചുണ്ടിൽ. ൧൩൫

ആരോടു സാമ്യം പെടുവാൻ കണക്കാ-
മ്മാരോലു മന്ത്രത്തൊടു മുണ്ണിതന്നെ
ക്രൂരോടു യൌസേപ്പു മെടുത്തുടൻ തൻ
മാറോടകക്കാമ്പു തെളിഞ്ഞു ചേൎത്തു. ൧൩൬

കന്ദപ്രസൂന പ്രഭപൂണ്ടു വാനോർ-
വൃന്ദം വണങ്ങും ശിശുതല്ലജത്തെ
മന്ദം മൃഗത്തൊട്ടിയിലേറിയോരാ-
നന്ദത്തൊടാ സ്ത്രീതിലകം കിടത്തി. ൧൩൭

ആ നിർമ്മലശ്രീപെട്ടമ്മണ്ണിത്തൻ പൂ-
മേനിക്കിണങ്ങും വടിവും മഹസ്സും
മാനിച്ചു പിന്നീടവർ നോക്കി നന്നായ്
ധ്യാനിച്ചിതാശ്ചര്യമൊടുൾക്കരുന്നിൽ. ൧൩൮

“ആറാത്തദാഹത്തൊടു മൊട്ടനേകം
നൂറാണ്ടു ധന്യൈാഘമിരന്ന മൂലം
ക്രൂരാന്ധദേവൻ സുതനെപ്പുരം മാൽ
പേറാൻ കണക്കുഴിയിലേക്കയച്ചോ! ൧൩൯

“ആതങ്കമേവക്കു മൊഴിച്ചജസ്രം
സാതം വളത്തും സകലേശ പുത്രൻ
സ്വാതന്ത്ര്യമററുള്ളൊരു പൈതലായി-
ശ്ശീതം നിമിത്തം വിറ പൂണ്ടിടുന്നു. ൧൪൦

“പാപത്തിനാൽ മർത്ത്യനൊടീശനുള്ളിൽ
ക്കോപം ജ്വലിക്കുന്നതകററുവാനായ്
ഭൂപൻെറ വംശത്തിലുദിച്ച നാഥൻ
താപം സഹിക്കുന്നു തണുത്ത കാററാൽ! ൧൪൧

“തേജസ്സിണങ്ങും സദനങ്ങളേററം
സൌജന്യമൊത്തേവ്വനമെന്നുമേകി
രാജപ്രഭാവത്തൊടു വാനിൽ വാഴും
രാജപ്രമാണിക്കു തൊഴുത്തു വീടായ്. ൧൪൨

"ചഞ്ചൽപ്രഭാപൂരിതമാം ദുകൂലം
പഞ്ചം വിനാ മർത്ത്യഗണത്തിനെല്ലാം
തഞ്ചത്തിലേകം സകലേശനിപ്പോൾ
മഞ്ചം മൃഗത്തൊട്ടി; കിടക്ക വൈക്കോൽ. ൧൪൫

"വല്ലായ്മ നിശ്ശേഷമകററി മർത്ത്യ-
ക്കെല്ലാ മതുല്യം വിനയം വരുത്താൻ
ചൊല്ലാന്ന യൂദായുടെ കേസരീന്ദ്രൻ
പുല്ലാസ്പദിഷ്ഠം വൃഷമായ് ചമഞ്ഞോ? ൧൪൬

"ഹതാശരായുള്ള നരക്ക്ശേഷം
നിതാന്തമുള്ളിൽ കൗതുകം വളർത്തി
പിതാവു യാക്കോബിനതുല്യ മുഖ്യം
പ്രതാപപൂർവ്വം വിലസട്ടെ നിത്യം. ൧൪൭

"വരിഷ്ഠമാകും നയമൊത്തു വിശപം-
ഭരിയ്ക്കു മീശൻെറ കുമാരനേവം
ഹരിയ്ക്കു കുഞ്ഞാടുകളോടു പോലീ-
ദരിദ്രരോടുള്ളൊരു വേഴ്ച്ച നന്നോ? ൧൪൮

"അനർഘരാമീയവരോടു വേഴ്ച്ചതൻ
മനസ്സിലൻപാന്ദരീകരിക്കയാൽ
ജനങ്ങളിപ്പോലെ പരിത്യജിച്ചഹോ!
വിനയ്ക്കിടം നാഥനദിച്ചു നിശ്ചയം. ൧൪൯

“ഇമ്മാനവക്കുള്ള കളങ്കമിത്ര്യയും
സമ്മാർജ്ജനം ചെയ്യിട്ടുമീശനന്ദനൻ
എമ്മാനവേലെന്ന വിശിഷ്ടമായപേ-
രിമ്മാതിരിക്കിന്നു യഥാർത്ഥമാക്കിയോ? ൧൪൮

“കരുത്തുകൂട്ടും നരകാഹിതൻ മദം
പെരുത്തതാകും തലയെത്തകക്കുവാൻ
പുരുപ്രഭാവം കലരുന്ന ശസ്ത്രമി-
ക്കരുന്നു കാലോ? സകലേശപരാത്മജ! ൧൪൯

“അപാരമാകും തെളിവക്കുതാരകാ-
ക്ഷപാകരന്മാക്കരുളും മഹാശയൻ
കൃപാബ്ധിദേവൻ തമസ്സുകരവാ-
നപായമില്ലിന്നിതു വിസ്മയംപരം. ൧൫൦

ലോകാവനത്തിന്നവതീർണ്ണനാകും
നാകാധിനാഥന്റെ കുമാരനല്ലോ?
ശോകാന്ധനാകും പടി ദീനവേഷം
സ്വീകാര്യമായ് വന്നതിനെന്തു ബന്ധം? ൧൫൧

“പാരത്ര്യയും വെന്നഭിഷിക്തനെന്നും
പാരം പ്രതാപത്തൊടു വാഴുമെന്നായ്
സാരസ്യമൂറുംകൊണ്ടു നിനയ്ക്കുവോരി-
ദ്ദാരിദ്ര്യവേഷത്തെ വെറുക്കുകില്ലേ? ൧൫൨

“ദയയുടെ കടലാകുമീശ്വരൻ തൻ-
നിയമമൊരാൾക്കു മറിഞ്ഞിടാവതല്ല;
പ്രയത ജനകിരീട മാകുമങ്ങേ-
നയ മുലകിൽ പര മുല്ലസിച്ചിടട്ടേ”. ൧൦൦

പേരോലുമ സ്സുകൃതിപുംഗവനും പ്രസൂവാ-
മാരോമലാളുമിതുപോൽ മിഴിക്രൂട്ടിടാതെ
ഓരോന്നു മുൾത്തളിരിലോർത്ത ജനന്ദനൻ തൻ
താരോടിടഞ്ഞ ചരണം പ്രണമിച്ചു മേന്മേൽ.

---

# പതിന്നാലാം സൎഗ്ഗം

ഇടയന്മാരോടു ദൈവദൂതന്റെ സന്ദേശം— അവർ യേശുവിനെ വന്ദിക്കുന്നു— ജോത്സ്യന്മാരായ മൂന്നു രാജാക്കൾ—ഹേറോദേസിനെക്കാണുന്നു— ഹേറോദേസിന്റെ പരിഭ്രമം— രാജാക്കന്മാർ യേശുവിനെ ആരാധിച്ചു കാഴ്ചകൾ സമൎപ്പിക്കുന്നു— വിശുദ്ധരായ മറിയയും യൌസേപ്പും കൂടി യേശുവിനെ ദേവാലയത്തിൽ കൊണ്ടുപോകുന്നു— പുണ്യവാനും വൃദ്ധനുമായ ശിമോന്റെപ്രവചനം— വിശുദ്ധരായ മറിയയും യൌസേപ്പും നസറേത്തിലേക്കു വീണ്ടും വരുന്നു— ദൈവാജ്ഞ അനുസരിച്ചു് അവർ യേശുവിനെ ഈജിപ്റ്റിലേക്കു കൊണ്ടുപോകുന്നു— ഹേറോദേസ് ഭയാന്ധനായി നിർദ്ദോഷികളായ ശിശുക്കളെ വധിക്കാൻ നിശ്ചയിക്കുന്നു.

നയ നിധി സുതനീശപരൻ തൊഴുത്തിൽ-
ദ്ദയയൊടു മാനുഷനായ് പിറന്ന നാളിൽ
ഭയരഹിത മതിന്നടുക്കലാടിൻ-
ചയമൊടു വാണിതു മേഷ പാലവൃന്ദം. ൧

വിറകുകളതിയായടുക്കിവായ്ക്കും
വിറകളയുന്നതിനഗ്നി കൂട്ടിനന്നായ്
മുറയൊടു കഥയും പറഞ്ഞു മോദം
നിറയുമൊരുള്ളൊടിരുന്നിതജ്ജനങ്ങൾ. ൨

കഥയിലവർ ലയിച്ചു, നേരമോട്ടും
കഥയറിയാതെ കഴിച്ചു പാതിരാവായ്,
അഥ ചിലരിലുറക്കമങ്കുരിച്ചു;
കഥനവുമസ്സമയം ക്രമാൽ കുറഞ്ഞു. ൩

പലരവിടവിടെ ക്കിടന്നു കയ്യിൽ-
ത്തലയുമണച്ചു ചുരുണ്ടു കണ്ണടച്ചു;
ചിലര നിലനലച്ചിട്ടും മരത്തിൻ-
നിലയെ വഹിച്ചു വലിച്ചു നാലുപാടും. ൪

ഒരു പഴുതണയാതജ വ്രജത്തെ
വിരുതൊടു കാട്ടിൽ നയിച്ചിട്ടും ശുനന്മാർ
ഇരു മിഴിയുമടച്ചു തീയ്ക്കൂട്ടക്കൽ-
പ്പുരു സുഖമോടു കിടന്നുറക്കമായി.

നിരുപമ കിരണം ചൊരിഞ്ഞു വാനോ-
നൊരുവ നടുക്ക ലണഞ്ഞിതക്ഷണത്തിൽ;
പുരുഭയമൊടുറക്ക മററെഴുന്നീററ-
പ്പുരുഷ ഗണം പരമമ്പരന്നുനിന്നു. ൬

സരസ മവരൊടേവ മോതി വാനോൻ
"ദരമരുതേതു മകക്കളൊന്നിലാക്കും;
നിരവധി കുതുകം വളർത്തുവോരാ-
വര സുവിശേഷ മിതാ കഥിച്ചിടുന്നു. ൭

"പ്രവര ഗുണഗണാബ്ധിയായ് ദാവീ-
ദവനി വരന്റെ വരിഷ്ഠ പട്ടണത്തിൽ
ഭുവനതല നിവാസികൾക്കശേഷം
ശിവ മരുളാൻ മിശിഹാ പിറന്നിതീ നാൾ. ൮

"തനു തമ വസനത്തിനാൽ മറയ്ക്കും
തനു ലതചേർന്നു പശുത്തൊഴുത്തിനുള്ളിൽ
അനുപമ മൊളി പൂണ്ടൊതുങ്ങി കണ്ണി-
ന്നനുഭവമാം, നറുമുത്തു ചിപ്പിയിൽ പോൽ." ൯

ഇടയ നിരയൊടി പ്രകാരമിൻപ-
ക്കടലടി കാട്ടിട്ടുമാറു ചൊല്ലി വാനോൻ
ഉടനുയര മണഞ്ഞു, ദിവ്യഗാനം
സ്ഫുടതര മിങ്ങനെ കൂട്ടരൊത്തു പാടി. ൰

"സ്തുതി ദിവി നിതരാം ജഗത്ത്രയത്തിൽ-
പതി പരമേശനു സംഭവിച്ചിടേണം;
ക്ഷിതിയിലമല രാഗവക്ക് ജന്യം
ക്ഷതി കലരാ തവധാന മെത്തിടേണം." ൰൧

ലളിത ലയ പദങ്ങളൊത്തിവണ്ണം
മിളിത രസം പല പാട്ടു പാടി വാനോർ
ഒളി ചിതറി മറഞ്ഞു; മേഷപന്മാർ
തെളിവൊടു പോയിതു ബേസ്ലഹേമിലേക്കും. ൰൨

അവയവമിര കോച്ചിടും തണുപ്പും
ഭുവനതലത്തെ മറച്ചിടും തമസ്സും
അവരകതളിരിൽ ഗ്ഗണിച്ചിടാതാ-
നവ നൃവരൻ മരുവും തൊഴുത്തിലെത്തി. ൨൩

പ്രവര മറിയ, നീതിശാലി യൌസേ-
പ്പിവരുടെ ലാളനമൊത്തു ദിവ്യവത്സൻ
നവസുഷമയൊടും കിടപ്പതീക്ഷി-
ച്ചവരധികം ഭയഭക്തിപൂണ്ടു കൂപ്പി. ൨൪

"അഗണിതഗുണവാരിരാശി, വന്ദ്യൻ,
നിഗമനിദാന, മനാദി, ദൈവപുത്രൻ,
അഗതിപദമനുഗ്രഹിച്ചുകൊണ്ടീ-
ജ്ജഗതിഭരിപ്പതിനാഗ്രഹിച്ചിടുന്നോ? ൨൫

"പുരുതരകുതുകം ജനത്തിനെല്ലാ-
മരുളിന വെൺകുളിർ കല്ലിനാൽ ചമയ്ക്കും
നിരുപമമണി സൌധതല്ലജത്തിൽ
വിരുതൊടുമന്നവരാവസിച്ചിടുന്നു. ൨൬

"അഴകുപമ വെടിഞ്ഞിണങ്ങു മോമൽ
ക്കഴലിണ വാനവർ കൂപ്പു മീശപുത്രൻ
അഴലൊടൊരു ദരിദ്രവത്സലൻ പോൽ
പഴയതൊഴുത്തിലിതാ കിടന്നിടുന്നു! ൨൭

"നരപതികൾ മനോജ്ഞമായ പട്ടാൽ
വിരചിതമാം മൃദുശയ്യയിൽ കിടപ്പൂ;
വരദനഖില വന്ദ്യനീശ്വരൻ തൻ
പരമതമൻ തനയൻെറ മെത്ത വൈക്കോൽ! ൧൮

"വിരുതുയരു മനേക കോടി വാനോ-
രൊരുമയൊടീശപദം സദാ ഭജിപ്പൂ;
തിരുമകനരികത്തു കാവലിന്നാ-
യിരു മൃതുകാളകൾ മാത്ര മെത്രചിത്രം! ൧൯

"അനവധി മണിജാല മുല്ലസിക്കും
കനകമയം പല ഹർമ്മ്യമി സ്ഥലത്തിൽ
ദിനകരനുദയം ലഭിപ്പതിൻ മുൻ-
പനഘനജൻ തിരുവുള്ള മാകിലുണ്ടാം. ൨൦

"ധരണിയിലെ നികൃഷ്ടമായ സൌഖ്യം
വരനിധി ദൈവസുതൻ വെറുത്തിടുന്നു;
ഉരപെരുകിയ സാധനം ത്യജിച്ചീ-
നരനിരയോ നിഴലാഗ്രഹിച്ചിടുന്നു. ൨൧

"ധരയിലവതരിച്ച നന്ദനൻ തൻ
ചരണസരോരുഹമാദ്യമായ് നമിപ്പാൻ
പരമജനകനിജ്ജനത്തിനേവം
വരമരുളാൻ തിരുവുള്ളമായതെന്തോ?"

പലരുനിനവുകളിപ്പടിക്കു കാററാ-
ലലകൾ കണക്കു തിരക്കുകൂട്ടി മേന്മേൽ
ഉലകൾവഴമകമോടു വിസ്മയത്താൽ
ചലനമകന്നവർ നിന്നിതേറെ നേരം. ൨൩

"വരുമശുഭമൊഴിച്ചു കാത്തുകൊൾവാൻ
കരുണ ജനിക്കണെ"മെന്നിരന്നൊടുക്കം
തിരുമലരടി പിന്നെയും നമിച്ചാ-
വിരുതെഴുവോർ സരസം തിരിച്ചുപോയി. ൨൪

അവരതിരു കവിഞ്ഞ മോദമുൾക്കൊ-
ണ്ടിവ വിവരിച്ചു കഥിച്ചു കാരണത്താൽ
പവനന്റെ സമമാ പ്രദേശമെങ്ങും
ജവമൊടു മകഥെ വിസ്തരിച്ചറിഞ്ഞു. ൨൫

പലരു മതുനിമിത്ത മേറെമോദം
കലരു മകത്തൊടു മതൊഴത്തിലെത്തി;
മലരിനു മിടിവേകുമാ റമായം
വിലസിടു മശ്ലീശുവിൻ പദം വണങ്ങി. ൨൬

രുധിര കണഗണം പൊഴിച്ചു പുണ്യാം-
ബുധി സകലേശ്വര നന്ദനന്നു പിന്നെ
സുധി ഗുരുവര നാദരേണ ചേലാ-
വിധിയെ നടത്തി വിളിച്ചു യേശുനാമം. ൨൭

തദനുമഹിത നീശപരാത്മജൻ തൻ
പദകുസുമം തൊഴുവാൻ നരേന്ദ്രർ മൂവർ
കദന ഭരമകത്തുദിച്ചു വാട്ടും
വദനസരോജമൊടെത്തി ജേർസലേമിൽ. ൨൮

ജനപദമൊരുപോലെ സന്ത്യജിച്ചു-
ത്തനതഭിലാഷമവന്ധ്യമാക്കുവാനായ്
അനഘരവരുറച്ചനേകദേശം
വിനകലരാതെ കടന്നു ചേർന്നു തമ്മിൽ. ൨൯

ഒരു നവകിരണം കലർന്നതാരം
പെരുവഴി കാട്ടി നയിക്കുമീ നൃപന്മാർ
പുരുരസമൊടു മപ്പുരാന്തികത്തിൽ
വരുമളവൃക്ഷമഹോ! മറഞ്ഞുപോയി. ൩൦

പകലിരവൊരുപോലവർക്കു കാന്തി-
പ്രകരമൊടും വഴികാട്ടിയായതാരം
അകതളിരഴലാൽ ചലിക്കുമാറ-
ന്നകലുകിലും ലവമെത്തിയില്ല ധൈര്യം. ൩൧

നൃവരർ നഗരിയിൽക്കടന്നു "യൂദർ-
ക്കവനിപനേതൊരിടത്തിലുത്ഭവിച്ചു?
ഇവർ തദുഡുവിനെ ക്കിഴക്കു കണ്ടി-
ട്ടവനെ നമിപ്പതിനെത്തി"യെന്നു ചൊല്ലി. ൩൨

ജനഗണമീതു കേട്ടനേരമോരോ-
ന്നിനവുകളേവന്ന മൂത്തവിക്കമൂലം
മനമണുപമമായ് ചലിക്കയാല-
ദ്ദിനമതിയായ കുഴപ്പമെങ്ങു മുണ്ടായ്. ൩൩

കുടില ഹൃദയനായ യൂദയാതൻ
കൊടിയ നരേന്ദ്രനിതാത്മചാരർമൂലം
അടിമുതൽ മുടിയോളവും വിറച്ചു-
ന്നിടിനിനദം ഫണിപോലെ കേട്ടഞെട്ടി. ൩൪

അശുഭചരിത നുഗ്രമൂർത്തി മൂക്കൻ
പിശുനജനാഗ്രിയനാ നരേന്ദ്രനപ്പോൾ
പശുവിനു സമ, മാവിശുദ്ധനാകും
ശിശുവി നപായമണയ്ക്കുവാനുറച്ചു. ൩൫

പ്രജകളിലഹിതം വരുത്തിടാതാ-
നിജഹിത മാശു നടത്തിടുന്നതിന്നായ്
സുജനമണികളാം നൃപാലരെത്തൻ
രുജയെമറച്ചു സദസ്സിലാനയിച്ചു. ൩൬

അവരുടെ വചനം നിമിത്തമെല്ലാ-
വിവരവു മുള്ളപടിക്കറിഞ്ഞ നേരം
പ്രവര ഗുരുവിനാളയച്ചു നീചൻ
നൃവരനടൻ നികടത്തിലാനയിച്ചു. ൩൭

"വിരുതൊടു മിശിഹാ പിറന്നിടുംശ്രീ-
പെരുകിടു മപ്പുര മേതി"വണ്ണമപ്പോൾ
അരുളി നിഗമസാര വേദിയാകും
ഗുരുവരനോടു നികൃഷ്ടനാ നരേന്ദ്രൻ. ൩൮

ഗുരുവര നതിനുത്തരം "മിഖായേ
ലരുളിയൊരാ മൊഴിപോലെ ബേസ്‌ലഹേമിൽ
നിരുപമ നഭിഷിക്ത നൎക്കരുന്നിൽ
കരുണ കലൎന്നു പിറക്കു"മെന്നുചൊല്ലി. ൩൯

ചതിപെരുകിയ ദുഷ്ടബുദ്ധിയാകും
ക്ഷിതിപതി ഭീതി മറച്ചുകൊണ്ടുമന്ദം
അതിഥി ഗുവരരോടു ഗോപ്യമായി-
പ്പുതിയൊരു കൌശലമാൎത്തിവണ്ണമോതി. ൪൦

"നിധി കരഗതമായ്ക്കഴിഞ്ഞു യൂദ-
ക്കധിപതിയാം മിശിഹാ പിറന്നദേശം
അധികമകലെയല്ല; ബേസ്‌ലഹേമിൽ
സുധിവരർ നിങ്ങൾ ഗമിച്ചുകണ്ടുകൊൾവിൻ. ൪൧

"അരിയ ഗണിതശാസ്ത്രതത്വമെല്ലാം
ശരിയൊടു നിങ്ങളിലുല്ലസിക്കമൂലം
ത്വരിത മഭിനവ ക്ഷ്മാധവൻ ത-
ന്നരികിലണഞ്ഞിടുവാൻ ഭവിച്ചു ഭാഗ്യം. ൪൨

"പുതിയ നൃപതിതൻ പദംവണങ്ങി-
കൃതിവരർ നിങ്ങൾ മടങ്ങിവന്നീടേണം;
അതിനു പിറകുചെന്നുകണ്ടെനിക്കു-
ക്ഷിതിപതിതൻ ചരണം നമിച്ചിടേണം. ൪൩

"അരുതിനി വെറുതേ വിളംബനം, പോയ്
വരുവിനമന്ദ"മിവണ്ണമോതിമന്നൻ
പുരുഷമണികളാം നരേന്ദ്രരെത്തൻ ൪൪
കരുതൽ വെളിക്കു വിടാതെ യാത്രയാക്കി.

ക്ഷിതിപരവിടെ നിന്നിറങ്ങി മന്ദം
സ്മൃതിയിലണഞ്ഞു വിയത്തിൽ നോക്കിയപ്പോൾ
മതി തെളിവുപെട്ടുംപെടിക്കു താരം
കതിരതിവേല മിയന്നു കണ്ടുമുൻപിൽ. ൪൫

അരിയ മണികളഞ്ഞ പിൻപൊരുത്തൻ
കരിയുമൊരാസ്യമൊട്ടും തിരഞ്ഞിടുമ്പോൾ
തിരികെയതു ലഭിച്ചപോലെ മോദം
ത്വരിത മവർക്കു കതാരിലുത്ഭവിച്ചു. ൪൬

സരസ മുന്ധുവിനെത്തുടർന്നു പിൻപാ-
നരവര പുംഗവരെത്തി ബേസ്‌ലഹേമിൽ;
കിരണനിര ചൊരിഞ്ഞൊട്ടുക്ക മൃക്ഷം
പരമ തൊഴുത്തിനു മേൽവശത്തു നിന്നു. ൪൭

ഘടിത കുതുകമാകു മുള്ളമോടു
ഝടിതി തൊഴുത്തിലണഞ്ഞു ഭ്രമിപന്മാർ;
വടിവൊഴുകിടു മീശനന്ദനൻ ത-
ന്നടിമലരിൽ പ്രണമിച്ചു ഭക്തിപൂർവ്വം. ൬൮

കരളിന കുതുകം ചൊരിഞ്ഞു ലോകോ-
ത്തരമഹിമാവു വിളങ്ങുമക്കിശോരൻ
ധരയിലവതരിച്ച ദേവനെന്നാ
നരവരർ മൂവരുമാശു നിശ്ചയിച്ചു. ൬൯

നര, നധിപതി, ദൈവ മെന്നിതെല്ലാം
ധരണിതലത്തിൽ വെളിപ്പെടുത്തുവാനായ്
സരഭസമവർ പൊന്നു, കുന്തിരിക്കം,
മുരളിവ ദൈവസുതന്നു കാഴ്ചവച്ചു. ൭൦

കരുണ വിലസുമക്കിടാവിനോമൽ-
ത്തിരുമിഴിതൻ വിളയാട്ടമേററനേരം
അരുണ സരസിജങ്ങളക്കനോല്ലോൽ
പുരുതര കാന്തി നുപാനനങ്ങൾ തേടി. ൭൧

അരിയ മധുസുമത്തിലെന്നപോൽ പു-
ഞ്ചിരി, ശിശുവിൻ വദനത്തിൽ മിന്നിയപ്പോൾ
കരിയുമിളയ വള്ളി മാരിയാൽ പോൽ
തരിതമവക്കു തഴച്ചിതാത്മശക്തി. ൭൨

വരനിറവിലസുന്ന വാനവന്മാർ
നിരവധി ഭക്തി കലൎന്നു കൃപ്പമീശൻ
നരവടിവു വരിച്ചതോർത്ത്ു പേത്താ-
നരവര രത്ത്ഭുത സിന്ധുവിൽക്കുളിച്ചു. ൩൨

നിയത മരിയ നന്മ പാരിലെങ്ങും
നയപരനാ യരുളുന്ന ദൈവപുത്രൻ
സ്വയമഗതി പദം വഹിച്ചൊരോമൽ-
ഹൃദയനിരൂപിച്ചവർ ബാഷ്പധാര വാൎത്തു. ൩൪

വരദ നമല നീശനന്ദനൻ തൻ
പരമതമം വിനയം നിനയ്ക്കുമൂലം
ധരയിലെ നിലയററ വാഴ്ചയിന്മേൽ
നീരസ മവൎക്കു മനസ്സി ലങ്കുരിച്ചു. ൩൩

സുമനിര വിലസും മഹീരുഹത്തിൽ
ഭ്രമരഗണത്തിനു തുല്യമന്നു കാവിൽ
വിമലമകുടമാക മുണ്ണിയെക്ഷ്മാ-
രമണർ ഭജിച്ചവിടത്തിലാവസിച്ചു. ൩൫

ഇരവിലഖിലനാഥ നന്ദനൻ തൻ
കിരണഭരം ചൊരിയുന്ന ദിവ്യരൂപം
കരളിലിടവിടാതു ദിക്കകൊണ്ടാ-
നരവരരത്ര ശരിക്കുറങ്ങിയില്ല. ൩൬

കപട നിരതനായ യൂദയാർൻ
നൃപ നകമേ വളരുന്നൊരീഷ്യ വാർന്നോൻ
ക്ഷപയി ലവരൊട്ടോതി യെന്നമൂഢം
നൃപതികൾ വേറൊരു മാർഗ്ഗമായ് മടങ്ങി. ൧൮

അതിഥി നൃപർ തിരിച്ചുവന്നമന്ദം
സ്ഥിതികളശേഷ മറിഞ്ഞിടുന്നതിന്നായ്
കൊതികരളിലുയൻ്റു യൂദയാതൻ
പതിയു മനാസ്ഥ കലൻ്റു നാൾ കഴിച്ചു. ൧൯

ശ്രുതിയിലെ നിയമം സമാദരിയ്ക്കു-
ന്നതിനു മുതിൎന്നഥ ദൈവമന്ദിരത്തിൽ
മതിമുഖിമറിയം കുമാരനെ ത്തൻ
പതി മതിശാലിയൊടൊത്തു കൊണ്ടുചെന്നു. ൨൦

ജനതയൊ ടലിവങ്കുരിച്ചു പാരിൻ
വിനകളമന്ദ മകററിടുന്നതിന്നായ്
അനഘമണി കളപ്പിതാക്കളോമൽ-
ത്തനയനെ യീശനു കാഴ്ചയായിവച്ചു. ൨൧

ഇളയിലരിയ സൽഗുണോൽകരത്താ
ലളവു കടന്നു വിളങ്ങുമാവരേണ്യർ
വളരെ വിനയമോടു ഭംഗിയേറും
കളരവപോതയുഗം ബലിയ്ക്കുമേകി. ൨൨

ഘൃണപെരുകിയ പാവനൻ പരൻതൻ
തൃണവിലസ്സും ഗുരുവര്യനായ വൃദ്ധൻ
ഗുണഗണനിധി നിർമ്മലൻ ശിമോന-
ക്ഷണ മരികത്തകതാർ തെളിഞ്ഞുവന്നു. ൩൫

'ധരണിയിലഭിഷിക്തനെത്തുവോളം
മരണമടുത്തിടുകില്ലി'തേ വിധത്തിൽ
വരമരുളിയ ദേവനിൽസ്സദാ തൻ
ശരണമണച്ചമരുന്നിതാ വിശുദ്ധൻ. ൩൬

കരളിലധിക ഭക്തി പൂണ്ടു നില്ക്കും
സരസിജലോചനയിങ്കൽ നിന്നു വൃദ്ധൻ
കരതളിരിണയിൽ സ്സമസ്തലോകേ-
ശ്വരസുതനെ ബ്ബഹുമാനമോടു വാങ്ങി. ൩൭

ഭുജലതകളുയർത്തിയിട്ടു നന്നാ-
യജസുതനെ ത്തലതൊട്ടു കാല്ക്കലോളം
നിജമിഴികളിമച്ചിടാതെ പേർത്താ-
സ്സുജനശിരോമണി വൃദ്ധനററുനോക്കി. ൩൮

തടിനിയുടെ തടത്തിലെത്തിയോര-
ക്കൊടിയ പിപാസ കലന്ന മാനുഷൻപോൽ
ഝടിതി മുഖസരോരുഹം തെളിഞ്ഞി-
പ്പടി സരസം നിഗദിച്ചു വൃദ്ധവര്യൻ. ൩൯

"മതി മതി, ഭുവനത്രയപ്രഭോ! നിൻ
സ്തുതിയെ നടത്തി വരുന്ന ദാസനിപ്പോൾ
മതിയിലുപമയററ മോദമോടി-
ക്ഷിതിയെ വിടാനിടയാക്കി നീ ദയാബ്ധേ! ൮

"വരദ! തവ ജനത്തിനീശനായും
പരജനതയ്ക്കണയാത്ത ദീപമായും
ധരണിയില വിടുന്നയച്ച രക്ഷാ-
കര നിവനീക്ഷണ ലക്ഷ്യമായിതല്ലോ!" ൯

ഗുരുവര ഗണമൗലിയാം ശിമോന-
ന്നരുളിയ വാക്കുകൾ കേൾക്കകാരണത്താൽ
വിരുതുവിലസുമുണ്ണിതൻ പിതാക്കൾ-
ക്കുരുതര വിസ്മയമുള്ളി ലങ്കുരിച്ചു. ൧൦

ശമധനമണി വൃദ്ധനേററമാശി-
സ്സമല ജനാഗ്രിമരാ മവർക്കു നൽകി;
സുമ മടിപണിയുന്ന മേനിതേടും
സുമഹിതയാം മറിയത്തൊടോതി പിന്നെ. ൧൧

"അനവധി ഹൃദയങ്ങളിൽത്തഴയ്ക്കും
നിനവുകളാകെ വെളിപ്പെടേണ്ടതിന്നായ്
ജനതയുടെ വിനയ്ക്കു മുൽഗതിക്കും
വിനയവിഹീന വിവാദലക്ഷ്യമായും. ൧൨

"അനഘ മകുടമാകു മീശനാലേ
തനയനിവൻ നിയതം നിയുക്തനത്രേ;
ഘനമെഴ മൊരുവാൾ സുശീലയാം നിൻ
വിനയമെഴും ഹൃദയത്തിലും കടക്കും"(യുഗ്മകം) ണ്ണേ

പരമചരിത ദീർഘദർശനത്തിൻ
വരമിയലും വിധവാ ജനാവതംസം
ഉരപെരുകിയ വൃദ്ധയാകുമന്നാ-
സരസ മന്നന്തര മസ്ഥലത്തു വന്നു. ൡ

ഭ്രമരനിര സുഗന്ധമോല്വ മോമൽ-
സുമഗണ മൊത്തവനത്തി ലെന്നപോലെ
പ്രമദമൊടു തദീയ നേത്രയുഗ്മം
സമ മമലൻ ശിശുവിൻ മുഖത്തിലെത്തി. ൟ

ധരണിയിൽ നരനായ്പിറന്ന സർവ്വേ-
ശ്വരനുടെ പുത്രനെ മാനിനീ ലലാമം
നിരവധി ചടുഭാഷിതങ്ങളാലാ-
ദരസഹിതം തദനന്തരം സ്തുതിച്ചു. ണ്ണ

നിയമവിധി കണക്കു ചെയ്തിടേണ്ടും
ക്രിയകൾ മുറയ്ക്കു നടത്തിയോരു ശേഷം
പ്രയത മറിയവും സുശീലനാകും
പ്രിയതമനും നസറേത്തിലെത്തി വാണു. ൈ

ഒളിവിലസിന സൂനുവിൻ മുഖത്തിൽ-
ക്കളിതുടരും കമനീയ മന്ദഹാസം
തെളിവൊടു മവൾ കാൺക മൂലമെന്നും
കുളിരകതാരി ലുദന്ന നാൾകഴിച്ചു. വൈ

ചിലദിന മിതുപോലെ പോയപിൻപ-
സ്സുലളിത നീശസുതന്നപായ മേകാൻ
ഛലമധിക മുയന്ന ഹൃദയാതൻ
ഖല നവനീശ നൊരുമ്പെട്ടുന്നിതെന്നും. ൻ

മട്ടുമൊഴിയോടു ചേൎന്നീജിപ്തിലെത്തി-
ക്കെടുതി സുതനു പെടാതെ കാത്തിടാനും
പടുത പരമിയന്നിടുന്ന യൗസേ-
പ്പൊടു നിശയിൽ സ്സകലേശ ദൂതനോതി.(യുഗ്മകം)

പെരുകിടു മഴലാലകം പിളൎന്ന
ത്തിരുമകനേയു മെടുത്തു കൊണ്ടമന്ദം
തരുമിഴിയൊടു ചേൎന്നു നീതിമാന-
പ്പൂരുഷശിരോമണി വീടുവിട്ടിറങ്ങി. വൃഷ

മദമെഴു മവനീധവന്റെ ദൌഷ്ട്യം
ഹൃദയമെരിഞ്ഞനിശം നിനയ്ക്കമൂലം
കദന മധികരിച്ചു രണ്ടു പേരും
തദനു വിറച്ചു മറഞ്ഞു നിൎഗ്ഗമിച്ചു. വവ

അകലമധിക, മത്രയല്ല മാൎഗ്ഗം
വികട, മത്തും ശരിയാ യറിഞ്ഞുകൂടാ;
അകതളി രിലിതോൎത്തവൎക്കു ധൈൎയ്യം
ശകലിതമാകില്ല മേശിയില്ല മാന്ദ്യം. ൱൩

"പകവപരമുയരും മൃഗങ്ങളാലോ
വകതിർവററ പറിച്ച കള്ളരാലോ
മക നപകട മെത്തിയേക്കുമോ"യെ-
ന്നകമതി ലോൎത്തവരിൽ ഭയം വളൎന്നു. ൱൪

തരണിയുടെ കൃശാനു തുല്യമാകും
കരനിരയാൽ പകലും, തണുപ്പുമൂലം
ഇരവില്ല മവർ മാൽസഹി ച്ചനൎത്ഥം
വരനിധി നന്ദനനേശിടാതെ കാത്തു. ൱൫

അശനവിധി ചുരുക്കിവയ്ക്കമൂലം
കൃശതരമായുലഞ്ഞുതായ ദേഹം
നിശയിലൊരു മഹീരുഹച്ചുവട്ടിൽ
ഞ്ഞുട്ടശമഴലോടവർ ചേൎത്തു വിശ്രമിച്ചു. ൱൬

പലദിവസ മിവണ്ണ മാവരന്നലം
വിലസിന ദമ്പതിമാർ കുമാരനോടും
അലസത കലരാതെ പോയി നൽപേ-
രുലകി ലിയന്നീവോ രെജിപ്തിലെത്തി. ൱൭

ഭയമഖില മകന്നു പുത്രനേറെ
പ്രിയമൊടു സൗഖ്യ മണച്ചുകൊണ്ടെജീഷ്ടിൽ
പ്രയതമതികളാ ഖിശിഷ്ടരെന്നും
ദയ സകലേശ്വര നോടിരന്നു വാണു. ൨൮

തനയനുടെ സരോജമഞ്ജുവാമാ-
നനമനിശം തെളിവോടു കാൺകമൂലം
അനഘരവ രകക്കുരുന്നിലേത്തും
വിനകലരാതെ കഴിച്ചു വാസരങ്ങൾ. ൨൯

അതിഥി നൃപർ തിരിച്ചുവന്നു കാണു-
ന്നതിനിലവിൻ പഴമുണ്ണുവാൻ ശുകംപോൽ
കൊതിയൊടു നിവസിച്ച ഹൃദയാതൻ
പതി നിരൂപിച്ചിതൊടുക്ക മിപ്രകാരം. ൩൦

"ക്ഷിതിയിലവതരിച്ച നവ്യഹൃദ-
ക്ഷിതി രമണന്റെ പദാംബുജങ്ങൾ കുപ്പാൻ
രതിയൊടിവിടെ വന്നു പോയ പാർത്ഥിൻ-
പതികളിതേവരെ വന്നിടാത്തതെന്തോ? ൩൧

"നവനൃപ ചരിതങ്ങളാ മഹീശ-
പ്രവരർ വഴിക്കു മറയ്ക്കുറിഞ്ഞിടാനായ്
അവർ വരുവതു നോക്കി മൂഢനാം ഞാൻ
ദിവസമനേകമഹോ! വൃഥാ കളഞ്ഞു. ൩൨

"ചതി കരുതിയൊരീയവന്നു തന്നെ
മതി പതറുന്നതിനെത്തി യോഗമിപ്പോൾ;
ക്ഷതി മമ തരസാ ഭവിക്കുമോ? ഹാ!
ഗതിയിവനെന്തിനിയെന്തു ചെയ്തിടേണ്ടു! ൯൩

"ഉര പെരുകിയ കേസരിന്നു വിത്തം
നിരവധി കോഴ കൊടുത്തു മന്നനായ് ഞാൻ;
നരയൊടു ജരയും വളർന്നനാളി-
പ്പരമപദം പരനെപ്രകാരമേകും? ൯൪

"രണ ചതുരത കൂടിടുന്നൊരീഞാൻ
ചുണയൊടു മുപ്പത്തു മേഴുമായ വർഷം
തൃണസമ മിവരെ ഗ്ഗണിച്ചശേഷം
ഘൃണകലരാ തവനീതലം ഭരിച്ചു. ൯൫

"പല തവണ ശരിച്ചു നോക്കിയിട്ടും
ഫലമതിനഗ്രവിനാശമായ മൂലം
കലഹരതി കുറച്ചു വച്ചുകൊണ്ടീ-
നിലയിലൊതുങ്ങി വസിച്ചിടുന്നു യൂദർ. ൯൬

"അവസര മനുകൂലമെന്നു കണ്ടാ
ലിവർ കലഹത്തിനൊരുങ്ങു; മെങ്ങുമപ്പോൾ
ദവദഹന നണഞ്ഞ കാനനത്തിൽ-
പ്പവനനു മെത്തിയപോ ലനർത്ഥമുണ്ടാം. ൯൭

"ക്ഷിതിയുടെ ഭരണം മമാന്വയത്തിൽ
ക്ഷതികലരാത വകാശമാക്കി വക്കാൻ
കൊതി കരകളിലുയൎന്ന ഞാനതിന്നായ്
പ്രതിദിനമേറിയ വേല ചെയ്തിട്ടുന്നു. ൯൮

"നിരുപമതമമാകു മാഭിജാത്യം
കരുതിട്ടു മിസ്രായേലോടിണങ്ങിവാഴ്‌വാൻ
ഒരുവനു മെളുതല്ലി താണു ഗർവ്വം
പെരുകിട്ടുവോരുടെ സമ്പ്രദായമെന്നും. ൯൯

"കുറവുകൾ കുറവെങ്കിലും വിജാതി-
ക്കറെ കഥനായ് കുറയ്ക്കുന്ന യൂദവൃന്ദം
മറവിലിവനു ദൂഷ്യ മീഷ്യയോടും
പറയുവതിന്നുമുതിൎന്നിടുന്നു കഷ്ടം! ൧൦൦

"വിരുത്തു വിമലരായിടുന്ന യൂദ-
ൎക്കരുളി മഹൽപ്പദമേകിടുന്നതിന്നായ്
പുരുമഹിമകലൎന്നു പാരിടത്തിൽ
വരുമഭിഷിക്ത നമാനുഷപ്രഭാവൻ. ൧൦൧

"പ്രഥിത മകുടരത്നമായി യൂദാ
ന്വയമതിലാ മിശിഹാ പിറന്നമന്ദം
സ്വയമധിപതികൾക്കു സംഗരത്തിൽ
ക്ഷയമരുളി ക്ഷിതിനാഥനായി വാഴും. ൧൦൨

“ദിവസവുമിതുപോലെ യൂദരായു-
ള്ളവർ നിരുപിച്ചു നയിച്ചിടുന്നു കാലം;
ഇവരുടെ കഥയററ മോഹമെന്നോ-
ത്തിവനതിലത്ര മനസ്സിരുത്തിയില്ല. ൧൦൩

“നരപതികൾ പദം തൊഴുംപടിക്കീ-
ധരണിയിലീയിട ജാതനായ ബാലൻ
വരമെഴു മഭിഷിക്തനോ? നിതാന്തം
ദരമിവനുള്ളി ലതോർത്തുയന്നിടുന്നു. ൧൦൪

“അടവി ലതിഥി ഭൂപരെത്തുടർന്നെൻ
ഭടവരരിൽച്ചിലർ പോയിരുന്നുവെങ്കിൽ
ഇടരി നിടവരാ തടുത്തുബാല-
ന്നടനവ രന്തമണയ്ക്കുമായിരുന്നു. ൧൦൫

“മനമതിലിവനന്നതിന്നു തെല്ലും
നിനവു വരാഞ്ഞതബദ്ധമായി കഷ്ടം!
വിനപരനു വരുത്തിയും നൃപന്മാർ
തനതു ഗുണം കരുതേണ്ടതാണജസ്രം. ൧൦൬

“നിജ ജനപദമാഗ്രഹിക്കിലപ്പോൾ
സ്വജന സഹോദരനന്ദനാദിയേയും
പ്രജകളിലഹിതം വിതച്ചുകൊണ്ടും
ഭുജബലമുള്ള നൃപൻ വധിക്കുമല്ലോ! ൧൦൭

"നയ മനവരതം ഗണിപ്പവര്‍ക്കും
ദയ കരളില്‍ കളിയാടിടുന്നവര്‍ക്കും
നിയമവിധിക ളാദരിപ്പവര്‍ക്കും
ക്ഷയമചിരേണ ഭവിക്കുവാനെളുപ്പം. ൧൦൮

"ഝടിതി വിമത സഞ്ചയത്തിനെല്ലാം
മുടിവരുളും നൃവരന്‍ മഹാസമര്‍ത്ഥന്‍;
'അടിയ'നിതി കഥിച്ചു തല്പദാബ്ജ-
പ്പൊടി തലമേലണിയും പ്രജാസമൂഹം. ൧൦൯

"അപകടമണയാതെ നാടുവാഴാന്‍
നൃപനധികം വിഷമം വിവാദമില്ല;
സ്വപന മശന മെന്നിതൊന്നുമെന്യേ
കൃപണനിലയ്ക്കു കഴിയ്ക്കണം ചിലപ്പോള്‍. ൧൧൦

"കൃതികളിവ നിനച്ചകം കലങ്ങി
ക്ഷിതിഭരണത്തെ വെറുത്തിടുന്നതില്ല;
ധൃതിയൊടവ രരിയ്ക്കുപായമേകി
ക്ഷതികലരാതിളകാത്തു കീര്‍ത്തിനേടും. ൧൧൧

"പലതുമിതുകണക്കു ചിന്തചെയ്താല്‍
ഫലമൊരുലേശവു മുദ്ഭവിക്കയില്ല;
ബലമുടനുപയോഗയോഗ്യമാക്കി
ക്കൊല നവയൂദനൃപന്നു ചേര്‍ത്തിടേണം. ൧൧൨

"നൃപതിതിലെ വരാതിരുന്നതീമൽ-
ക്കപടമറിഞ്ഞതു മൂലമായിരിക്കാം;
അപകടമണയാതിരിക്കുവാനാ-
നൃപതികിശോരനെയും മറച്ചിരിക്കും. ൧൧൩

"അവരതിനെ മറച്ചിരിക്കിലെന്താ-
ണിവനിനിഃവാഞ്ഛതഹോ! കുഴപ്പമായി;
അവരുടെ മൊഴി വിശ്വസിച്ചതയ്യോ!
നവ നൃപസ്വശിശുവിന്നു രക്ഷയാമോ? ൧൧൪

അലസത കുടികൊണ്ടിടുന്നതാമി-
ത്തലയിലഹോ! കനലിട്ടതോ സ്വയം ഞാൻ?
പല കൊടിയ വധം നടത്തിയോരീ
ഖലനമതിന്നിണയാം വിപത്തടുത്തോ? ൧൧൫

"നരവരരെയു മക്കിശോരനേയും
തിരയുവതിന്നു നിയുക്തരായ ചാരർ
നിരവധി വിട്ടുവേല ചെയ്തുകാണാൻ
തരമണയാതെ തിരിച്ചുവന്നു കഷ്ടം! ൧൧൬

"പലദിവസ മതിക്രമിക്കമൂലം
ഫല മതിനററതപൂർവ്വമല്ല തെല്ലും;
ജലനികരമൊഴിഞ്ഞ പിൻപുതീക്കും
ബലമിയലും ചിറയാലു മെന്തുസാദ്ധ്യം? ൧൧൭

“അപനയമിവനിൽ ഫലിക്കുമെന്നായ്
സ്വപനമതിങ്കലുമാരുമോർത്തിടേണ്ടാ;
കപടമിതിന്നസംഖ്യ ബാലരൊത്താ
നൃപശിശുവിന്നു മപായമേകിടും ഞാൻ. ൧൧൮

“ഇടരിതരജനത്തിനേകുവാനൽ-
ക്കടകുതുകം വെടുമെൻ ചമൂപരെല്ലാം
ഉടനെ ശിശുഗണത്തെ ബെസ്ലഹേമിൽ
ഭടനിരയോടു മണഞ്ഞു കൊന്നിടട്ടെ. ൧൧൯

“അരിശമിവനടിക്കിലേവരേയും
ത്വരിതമൊടുക്കിടുമെന്ന ചിന്തയോടും
ധരിയൊടുസമമശ്രു വാർത്തു യൂദ-
പ്പുരിഷ നടുങ്ങി വിറച്ചുപോകുമപ്പോൾ.” ൧൨൦

ഭൂവല്ലഭൻ കപടമേറിടുമുള്ളിലോരോ-
ന്നീവണ്ണമാർദ്രതവെടിഞ്ഞു നിനച്ചൊടുക്കം
ഏവർക്കുമുള്ളലയുമാറതിഘോരമാകും
ഭാവം കലർന്നഥ വിളിച്ചിതു മന്ത്രിമാരെ. ൧൨൧

അവരോടുരചെയ്തു ഭൂമിപാലൻ
“നവ യൂദക്ഷിതിപന്നു സൗഖ്യമോപോൽ
അവനെത്തൊഴുവാൻ ഗമിച്ച രാജ
പ്രവരന്മാ രെവിടെക്കു പോയി പോലും? ൧൨൨

"ചതിയുണ്ടിതിലേററ, മില്ലതെങ്കിൽ
ക്ഷിതിപന്മാർ വരുമായിരുന്നു നേരേ,
അതിനല്പവുമില്ല സംശയം; ഞാൻ
മതിയില്ലാത്ത മനുഷ്യകീടമാണോ? ൱൨൩

"ചതിക്കുവാനായ് മുതിരും ജനത്തെ
ക്ഷതിക്കു പാക്കാക്കിടുമെന്നുമീ ഞാൻ;
കുതിച്ചു കുത്താനണയും വൃഷത്തിൻ
കുതിക്കു വെട്ടുന്നതധർമ്മമല്ല. ൱൨൪

"വക്രബുദ്ധി കലരുന്ന ജനത്തിൻ
വിക്രമം ദ്രുതമടക്കണമീശൻ;
അക്രമ ക്രിയകളല്പവുമെൻ ഭ്രൂ-
ചക്രമായതിൽ നടക്കുകയില്ല. ൱൨൫

"ഇണ്ടലീ മമ വരുത്തുവതിന്നാ-
യുണ്ടമിത്രനികരത്തിനു മോഹം;
തണ്ടശേഷമാഴിയും പടി ഞാന-
ക്കണ്ടകക്കുതിനു കൂലികൊടുക്കും. ൱൨൬

"അവരെന്നൊടു ചെയ്തിടുന്നതെന്താ-
നവഭ്രൂജാനി സുതൻ മുതിന്നിടും നാൾ
ഇവനോടു കയർത്തു മല്ലിടാനാ-
യവനെത്തീരേ മറച്ചു പോററുമത്രെ. ൱൨൭

"മുടിവീയവനെത്തിടാതെ കണ്ട-
ക്കുടിലന്മാക്കതിനെത്തുകില്ല യോഗം;
പൊടിയോ ജലമോടെതിപ്പതിന്നീ-
മുടി ചൂടുന്നവനെ ജ്ജയിപ്പതേവൻ? ൱൨൮

"പലതെന്തിനു ചൊല്ലിടുന്നു; മേൽ
കലഹത്തിൻ കരുവാകു മുണ്ണിയെ
കൊലചെയ്യുവധാന മല്ലവും
നിലതെററാതെ പുലത്തുമിജ്ജനം. ൱൨൯

"ശരിക്കിളാധവസുതനാകു മുണ്ണിയെ-
ത്തിരിച്ചറിഞ്ഞിടുവതസാദ്ധ്യമാകയാൽ
ഒരിത്തിരിക്കലിവുപെടാതെ യോധർ സം-
ഹരിക്കുമപ്പുരിയിലെ ബാലരാജിയെ. ൱൩൦

"അപായമിപ്പോലെ നടത്തിടായ്കിലി-
ല്ലുപായമാക്കുഞ്ഞിനെ നിഗ്രഹിക്കുവാൻ
കൃപാഭരം കൊള്ളുകയില്ല; നിങ്ങളൊ-
ത്തപാസ്തശങ്കം നിഗദിക്കുവിൻ മതം." ൱൩൧

അരിശമേറി വപുസ്സു വിറച്ചു തീ-
പ്പൊരി പറന്നിടുമാറരുണാക്ഷനായ്
അരിയരൗദ്രമിയന്നിവചൊല്ലിയി-
ട്ടെരിയുമുള്ളൊടിരുന്നു നരാധിപൻ. ൱൩൨

ഒരു മന്ത്രി നമിച്ചു ചൊല്ലി മന്ദം,
"വിരുതേറും നൃവരൻ ജയിച്ചിടേണം;
കരുണാരഹിതം ഭവാൻ വധിപ്പി-
ക്കരുതിപ്പോലെ വൃഥാ ശിശുവ്രജത്തെ. ൱൰൩

"ഇളയിൽക്കിണങ്ങും മണിഭൂഷണങ്ങളായ്-
വിളങ്ങിടും കുട്ടികൾ തൻ വിഹിംസനം
മുളയിൽക്കനാശം മതികെട്ട ജന്മിപോൽ
കളങ്കമാർജ്ജിച്ചു വരുത്തൊലാ ഭവാൻ. ൱൰൪

"പിഴച്ചതെന്താണവരൻപശേഷമ-
ററഴല്ക്കു ലാക്കാക്കരുതാരെയും വിഭോ!
കുഴപ്പമേതും കലരാതഹർന്നിശം
തഴച്ചമോദാൽ വളരട്ടെ കുട്ടികൾ. ൱൰൫

"പ്രണയം പെരുകും കിടാങ്ങളെ-
പ്പിണമാക്കീടുകിലേറുമാധിയാൽ
അണപൊട്ടിയപോൽ ജനങ്ങളീ-
ക്ഷണതോയം നിതരാമൊഴുക്കിടും. ൱൰൬

"ഇടനെഞ്ഞു പൊടിഞ്ഞു കണ്ണുനീ-
രുടലിൽ പൂണ്ടു വിറച്ചു പീഡയാൽ
മടവാർനിര ശാപവാചകം
തടവില്ലാതെ തുടർന്നു ചൊല്ലിടും. ൱൰൭

"പുകയും കരളൊത്തു നാട്ടുകാരീ-
ത്തകരാറൊപ്പമറിഞ്ഞിടുന്നനേരം
പകമിഞ്ചി നരേന്ദ്രനോടെതിൎക്കാൻ
മികമേറും ധൃതിപൂണ്ടൊരുങ്ങിയേക്കും. ൫൰൨

"എന്തിനാണരിയശങ്കകൾ, നന്നായ്
ചിന്തിയാതെ നൃപനോതരുതൊന്നും;
അന്തികത്തഹിതരാഗതരായോ?
പന്തിയല്ലമഹിതൎക്കു കുലുക്കം. ൫൰൩

"ഒരു കാലമനൎത്ഥമെത്തുമെങ്കിൽ-
ക്കരുതാമന്നതിനെത്തടുക്കുവാനും;
പുരുഭീതി വൃഥാവഹിച്ചകം വെ-
ന്തുരുകാൻ സംഗതിയാക്കിടാവിദഗ്ദ്ധൻ. ൫൰൪

"അജനിൽ ബ്ഭയമുള്ള മന്നവൻ
പ്രജകൾക്കല്പവുമല്ലലേകിടാ,
നിജജീവനഗണ്യമാക്കിയും
സുജനം പോററുമജസ്രമന്യരെ. ൫൰൫

നയമോൎക്കു കിലേതവൎക്കു മാ-
ശ്രയമായൂഴി ഭരിച്ചിടും നൃപൻ
ക്ഷയമേകുവതിന്നൊരുങ്ങിയാ-
ലയശസ്സിന്നവകാശിയായ്വരും. ൫൰൬

"ശിലയും പ്രണമിച്ചിടും കടപ്പം
കലരും മാനസമൊത്ത വങ്കർപോലും
വിലസും ശിശുവിൻെറ ലീലകണ്ടാ-
ലുലയാതങ്ങനെ നിന്നു കൈ കടിക്കും. ൨൪൩

"തളിരിന്നു സമാനമായിടും മെ-
യ്യൊളിതേടും ശിശുവിൻെറ ഭംഗികണ്ടാൽ
തെളിവായ് പുളകം മുളച്ചനല്പം
കുളിരുള്ളിന്നണയാത്ത മർത്ത്യരുണ്ടോ? ൨൪൪

"മീനിനൊത്ത ശിശുവിൻ മിഴിയേയും
തേനിലും മധുരമാം മൊഴിയേയും
പൂനിലാവിനിണയാം ചിരിയേയും
മാനിയാത്ത മനുജൻ മൃഗതുല്യൻ. ൨൪൫

കഥയററശിശുക്കളിൽ ജനം
വ്യഥചേർക്കുന്നതിനൊത്ത ...ത്തകം
പ്രഥചേർന്ന നരേന്ദ്രരത്നമേ!
കഥനം ചെയ്യുതിനല്ല ഭൂമിയിൽ. ൨൪൬

"അവതാര ക്ഷതിതെല്ലുമേശിടാ-
തവനം ചെയ്യുതിനുള്ള പൂരുഷൻ
അവനീപതിയാണി,തൊക്കെയും
വിവരിച്ചെന്തിനു ചൊല്ലിടുന്നു ഞാൻ. ൨൪൭

"നൃപധർമ്മവിശാരദൻ ഭവാന്നോ-
ടുപദേശിക്കുവതിന്നു ഞാനയോഗ്യൻ;
ഉപജാപവിഹീനനായിൽ സമോദം
കൃപ കൈക്കൊണ്ടിടണം ഭവാനജസ്രം." ൱൪൰൯

കിതവൻ നൃപനോടതിന്നു പിൻ-
പിതരൻ മന്ത്രി കഥിച്ചു സാദരം:
"ചിതമല്ലിതു ഭൂപതേ! വധം
ഗതസന്ദേഹമുടൻ നടത്തണം. ൱൫൰

"പലതോർത്തിതു പോൽ മടിച്ചിരുന്നാൽ
ഫലമില്ലാതെ വരും പ്രയത്നമെല്ലാം
നിലവിട്ടു വിപത്തടുത്തിടും നാം
വിലപിക്കുന്നതിനും നിദാനമാകും. ൱൫൰൧

"ക്ഷിതിയിൽക്കുശലം പുലർത്തുവാ-
നതിയായെപ്പൊഴുമുദ്യമിച്ചിടും
കൃതിയാം നരപാലനല്പമായ്
ക്ഷതി ചേർക്കുന്നതനീതിയായ് വരാ. ൱൫൰൨

"പാരിൽ പ്രാണിശ്രേണികൾക്കിമ്പമോടും
ഭൂരിക്ഷേമം ചേർക്കുവാൻ തക്കവണ്ണം
പാരിച്ചെങ്ങും മാരി പെയ്യുന്ന നേരം
താരിൻകൂട്ടം നഷ്ടമാകുന്നതില്ലേ? ൱൫൰൩

"വിളവു പുഷ്ടികലൎന്നു വളൎന്നിടാൻ
കള മുളച്ചവയെ കൃഷി ചെയ്യുവോർ
കളയുമസ്സമയം പലനാളെഴും
മുളകളൊത്തു കെടുതിക്കിടവന്നിടും. ൱൩൩

"പവനന്നു വിശുദ്ധി നൽകിയി-
ട്ടവനിയ്ക്കേറിയ നന്മചേൎക്കയിൽ
ഭവനം, തരു, ജീവിവൎഗ്ഗമെ-
ന്നിവ മിന്നൽക്കിരയാകയില്ലയോ? ൱൩൪

"തനിക്കു നിസ്സംശയമായപായം
ജനിക്കുമെന്നാലറിയാം ജനത്തെ
ഹനിക്കുമാളിന്നധികാരിവൎഗ്ഗം
കനിഞ്ഞു മാപ്പേകിവിടും വിശങ്കം. ൱൩൫

"ചുണയുള്ള വരശ്രുവും മൃഗേ-
ക്ഷണമാർതൻ വിടു ഭത്സനങ്ങളും
തൃണമെന്നപടിയ്ക്കു നാരതം
ഗണനംചെയ്തു ഹിതം നടത്തിടും. ൱൩൬

"ഇളപ്പവും മെയ്യുഴകും നിനയ്ക്കയാ-
ലിളപ്പമൊന്നും വിലയന്നിതേവിധം
വിളംബനം കൊള്ളുകയില്ലരാതിയെ
വളൎന്നിടാതന്ത മണയ്ക്കണം ഭവാൻ. ൱൩൭

കലഹലോലുപരായ് ജനരാജി തൻ
നിലവെടിഞ്ഞു ശഠിച്ചു കയർക്കിലോ
ബലമെഴും യുവയോധരമന്ദമ-
ഖലഗണത്തിന്നു ക്രുലി കൊടുത്തിടും." ൧൭൮

പീനമുത്തൊടതു കേട്ടതുല്യമാ-
യാനനത്തെളിവു പൂണ്ടു മന്നവൻ
ഹീനമായ നിധനം നടത്തുവാ-
നാനയിച്ചു തരസാ ചമൂപനെ. ൧൭൯

അടുത്തനാള നവധി സാധു ബാലരെ-
ക്കെടുത്തിടാനവന്നു നരാധിപാധമൻ
കടുത്തെഴും ക്രുധയൊടു ഘോരശാസനം
കൊടുത്തുതൻ ശയനഗൃഹത്തിലെത്തിനാൻ. ൧൮൦

ഉറക്കമെന്നശ്ശുഠനോടടുക്കുവാ-
നറയ്ക്കയാൽ പല്ലു കടിച്ചു തട്ടിനാൽ
വിറച്ചു ഭൂപൻ ഹൃദയത്തിലായുധം
തറച്ചപോൽ മാലൊടു രാത്രിപോക്കിനാൻ. ൧൮൧

---

# പതിനഞ്ചാം സൎഗ്ഗം.

---

ശിശുവധം-ഹേറോദേസിൻെറ മരണം-യേശുവിൻെറ ശൈശവദശ-ദേവാലയദൎശനാനന്തരം യേശുവിനെ കാണാതെയായിത്തീരുന്നു-വിശുദ്ധരായ കന്യകമറിയയുടെയും യൌസേപ്പിൻെറയും തന്നിമിത്തമുണ്ടായ ദുഃഖവും അന്വേഷണവും-മൂന്നാംദിവസം യേശുവിനെ അവർ കാണുന്നു-വിശുദ്ധ യൌസേപ്പിൻെറ മരണം-യൂദയാദേശം റോമാരാജ്യക്കാരുടെ നേരിട്ടുള്ള ഭരണത്തിലായിത്തീരുന്നു.

ക്ഷതിലക്ഷണമൊത്തുയാമിനീ-
സതിയിൽ കണ്ടിടരാന്നിട്ടുംവിധം
ദ്യുതി മിക്കതു മസ്തമായി വെൺ
മതിതേടുന്നതു പശ്ചിമാശയെ. ൧

ഗതസപ്തതിവൃദ്ധനൊപ്പ മൂ-
ൎജ്ജിതമില്ലാതെ ചമഞ്ഞു ചന്ദ്രിക;
മൃതമീനവിലോചനങ്ങൾപോൽ
ച്യുതശോഭോൽകരമായുഡുവ്രജം. ൨

"ഇരവററിരുൾ നീങ്ങി; ഭാനുവിൻ
വരവായ്; സന്താപമൊഴിപ്പി" നീവിധം
നരരോടറിയിച്ചിടുന്നപോൽ
സ്സ്വരസം ക്രുകുകയായി കുക്കുടം. ൩

പുകപോൽ പെരുകുന്ന മഞ്ഞുതൻ
നികരം ദിക്കുകളാക്രമിക്കയാൽ
നികടത്തിലിരുന്നിടുന്നതും
ശകലം ദൃഷ്ടിയിലെത്തിടാതെയായ്. ൪

നിതരാമഴകാൎന്ന ചെമ്പക-
വ്രതതീവൃന്ദമശേഷമൊന്നുപോൽ
അതനുപ്രഭപൂണ്ട പൂക്കളാൽ-
ച്ചിതമാംവണ്ണമലംകൃതങ്ങളായ്. ൫

വടിവേററമിണങ്ങി മിന്നുമ-
ച്ചെടിതൻ കുഡ്മള സഞ്ചയം തദാ
കുടികൊണ്ടിതു ലോഹിതാശ്മവും
മടിതേടാതടിക്കുപ്പിടുംവിധം. ൬

നവസൂനഗണങ്ങളിൽ പരം
പ്രവഹിക്കുന്ന സുഗന്ധധാരയെ
കവരുന്നതിനെന്നപോൽ തദാ
പവനൻ ചുററി നടന്നു മന്ദമായ്. ൭

സുമസംഹതിയിൽത്തുളുമ്പിടും
വിമലശ്രീമകരന്ദ മുണ്ണുവാൻ
പ്രമദം വഴിയും സപരത്തൊടും
ഭ്രമരസ്തോമമണഞ്ഞു വാടിയിൽ ൮

വില്ലയം രജനിക്കുടിക്കയാൽ
നിലവിട്ടെത്തിയ കൗതുകത്തൊടും
പല പക്ഷികളൊത്തു കൂട്ടമായ്
സലയംനാദമുയർത്തി മേല്ക്കുമേൽ. ൯

ശയനത്തെ വെടിഞ്ഞു മർത്ത്യസ-
ഞ്ചയമപ്പോൾ തെളിവൊടെണീററുടൻ
ഭയഭക്തി മനസ്സിലേററമായ്
നിയമംപോലെ ഭജിച്ചു ദേവനെ. ൧൦

"കരുണാകര! ദേവ ദേവ! നിൻ-
തിരുകാൽത്താരിവനെന്നുമാശ്രയം;
വരുമല്ലലൊഴിച്ചു കൂറോടൊ-
ത്തരുളേണം മമ മംഗളം ഭവാൻ. ൧൧

"തപനായുത രശ്മിപൂണ്ടിടും
കൃപണാലംബനമാം ജഗൽപതേ!
ക്ഷപയിൽപടി വാസരത്തിലും
കൃപ കൈക്കൊണ്ടു പുലർത്തുകെന്നെ നീ. ൧൨

"ദിവി വാനവരാജിപോലെ ഞാൻ
കവിയും ഭക്തികലർന്നു നിൻപദം
ഭുവിമേവിനനാ ളനാരതം
സവിശേഷം തൊഴുവാൻ തുണയ്ക്കു നീ. ൧൩

"തവ മേന്മ മുറയ്ക്കു വാഴ്ത്തുവാ-
നിവനാളല്ലൊരു ലേശവും വിഭോ!
ഭുവനത്രയനാഥ! വാസവ-
പ്രവരന്മാരുമതിന്നശക്തരാം. ൬൪

"അവനീസുഖ മാഗ്രഹിച്ചു ഞാൻ
ഭവ വാരാശിയിലാണ്ടിതേവരെ
ദിവസങ്ങൾ വൃഥാ നയിച്ചിതോ-
ത്തിവനോൎക്കാമ്പെരിയുന്നു നിർഭരം. ൬൫

"മമ കൃത്യമശേഷ മനാഹം
ശ്രമമേശാതിനിമേൽ കഴിക്കുവാൻ
വിമലാബ്ജ ദിവാകരൻ ഭവാൻ
ക്ഷമയും കെല്പുമജസ്രമേകണം. ൬൬

"പ്രയതക്ക്ണിയായിട്ടും ഭവാൻ
ദയയേറിട്ടു മപാംഗദൎശനം
നിയതം തെളിവോടണച്ചല-
ക്ഷ്യമീ ദാസനു ചേൎക്ക ദൈവമേ! ൬൭

"കനകാദിയിലുള്ളലഞ്ഞു ഞാൻ
വിനതേടാതെ വിശുദ്ധചിത്തനായ്
വിനയത്തൊടു നാൾ കഴിക്കുവാ-
നനഘ ശ്രീനിധി നീ തുണയ്ക്കണം. ൬൮

"ദുരിതത്തിനു ശിക്ഷ നൽകിടും
പരിശുദ്ധർക്കു കിരീടമാം ഭവാൻ
പരിതാപമൊഴിച്ചു ദാസനെ-
പ്പരിരക്ഷിച്ചിടണം നിരന്തരം. ൯൯

"ഉലകങ്ങൾ ചമച്ചു ക്രൂരൊടീ-
നിലയിൽപ്പോററുമധീശ്വരൻ ഭവാൻ
ബലമററമദീയ മാകുമു-
ള്ളുലയായ്‌വാൻ വരമെന്നു മേകണം. ൱൦

"അതനുപ്രഥ തേടുമബ്രഹാം
മുതലായുള്ള പിതാക്കളോടു നീ
ചിതമായരുൾ ചെയ്തപോലെ നിൻ-
സുതനെപ്പാരിലയയ്ക്കു ദൈവമേ!" ൱൧

ജനമിങ്ങനെ ഭക്തിയുക്തമാം
൭ മനമൊത്തീശ്വരനോടനേകധാ
വിനയത്തൊടിരന്നു സത്വരം
മനതൻ വാതിൽ തുറന്നു സാദരം. ൱൨

ഇണയററ തണുപ്പുമാനിനീ-
ഗണമേത്തും ഗണിയാതെ ചൂലിനാൽ
ക്ഷണമുമ്മരവും മനോജ്ഞമ-
ങ്കണവും തൂത്തു വരുത്തി മേന്മയെ ൱൩

ജലസംഭരണത്തിനേററവും
വിലസിടും കരപല്ലവങ്ങളിൽ
കലശങ്ങളെടുത്തു സുഷ്ഠി പൂ
ണ്ടലസാക്ഷീ നികരങ്ങൾ യാത്രയായ്. ൨൪

ചില പെൺകൊടിമാർ പശുക്കൾ തൻ-
നിലയം ചേൎന്നവയെ ക്കറക്കുവാൻ
ജലപാത്രമെടുത്തു താമസം
കലരാതിൻപമൊടും നടക്കയായ്. ൨൫

ഇനരശ്മി കിഴക്കുയൎന്നുടൻ
കനകം പൂശിയപോലെ വാനമായ്;
വിന പാറിയ പോൽത്തദാഹിമം
ഘനഭാവത്തെ വെടിഞ്ഞകന്നുപോയ്. ൨൬

പുലരുന്നതിനൊട്ടു മൻപില-
ഖ്ഖലനാം ഭൂപതിതൻ ഭടാധമർ
പലശാഖകളായ് പിരിഞ്ഞരു-
ങ്കൊല ചെയ്യുന്നതിനായൊരുങ്ങിനാർ. ൨൭

പുകളേറിയ ബേത്ത്ലഹേമിലും
നികടത്തുള്ളൊരിടങ്ങൾ തന്നിലും
തുകയററ വിധത്തിലൊപ്പമ-
പ്പകയേറും ഭടരെത്തിമുഷ്ക്കൊടും. ൨൮

ഭടസംഹതി നിർമ്മലാശയം
തടവും കോമളരാം കിടാങ്ങളെ
കിടയററു പിതാക്കളാർത്തിയാൽ
പ്പിടയും മട്ടുവധിച്ചു നിർദ്ദയം. ൨൯

വികലൻ, ധനി, വിജ്ഞ, നജ്ഞനീ-
വകഭേദം നിനയാതെ സേവകർ
സകലക്ഷമെഴും ശിശുക്കളെ
സ്വക ശസ്ത്രത്തിനു ലക്ഷ്യമാക്കിനാർ. ൩൦

വ്യഥപൂണ്ട ജനത്തിനർത്ഥനാ-
കഥനം, രോദന, മസ്രമെന്നിവ
കഥയായ് കരുതാതെ ഖലർത്തൻ
കഥ വേഗേന കഴിച്ചു കശ്മലർ. ൩൧

ഒരു സുന്ദരി കുഞ്ഞിനെ സ്തനം
പുരുമോദത്തൊടു മുട്ടമക്ഷണം
ഒരു യോധനടുത്തതിൻ ഗളം
കരുണാഹീനമറുത്തു വാളിനാൽ. ൩൨

ഇതരാംഗന ചാരുരൂപനാം
സുതനെ ത്തോളിലണച്ചിട്ടും വിധൌ
ശിതമാ മസിയാ ലവന്നുടൻ
കിതവൻ സൈനിക നന്തമേകിനാൻ. ൩൩

അപരാലസനേത്ര പിന്നെയും
സ്വപനത്തിന്നു കിടന്നു മുണ്ണിയെ
അപശങ്ക മടുത്തു വേലിനാൽ
കൃപ കൂടാതെ വധിച്ചു സൈനികൻ. ൩൪

കുടിലാളക വേറൊരുത്തി തൻ
മടിയിൽ കുട്ടിയെ വെച്ചിരിക്കവെ
മടിയാതൊരു സായകത്തിനാൽ
മുടിവക്കുഞ്ഞിനു ചേൎത്തു സേവകൻ. ൩൫

കണവൻെറ കരത്തിലംബുജേ-
ക്ഷണയാമന്യ കൊടുത്ത നന്ദനൻ
ഘൃണയററ ഭടൻെറ കൂൎത്തെഴും
കണയേററിട്ടു മരിച്ചിതഞ്ജസാ. ൩൬

ലലനാമണി മറെറാരുത്തിതൻ
കുലവല്ലീ മുകുളത്തെ മുത്തുവാൻ
തല ചായ്ക്കയി ലാക്കുമാരനെ-
ക്കൊലയാളെത്തി വധിച്ചു കത്തിയാൽ. ൩൭

സുതനെ ത്തനുവോടു ചേൎത്തകം
പതറിപ്പാഞ്ഞൊരു നാരിയോടുടൻ
ഗതശങ്കമടുത്തു സേവകൻ
ക്ഷതമേല്പിച്ചു വധിച്ചു വത്സനെ. ൩൮

മകനെത്തിയൊരല്പമായ മാ-
ലകലാ നൗഷധ മന്യനൽകവേ
പകയേറിന യോധനുണ്ണിയെ
സ്വകമാം വാളിന്നു ലക്ഷ്യമാക്കിനാൻ. ൩൯

എളിയിൽ സുതനോടു മന്യയാ-
മളിവാർ കേശിനി നിർഗ്ഗമിക്കയിൽ
ഒളിവിൽ പ്പുറകെത്തി യോധനാ-
ലളിതാംഗന്നു വരുത്തി മൃത്യുവെ. ൪൦

ഭയവിഹ്വലമായ് ജനവ്രജം
ദയ കെഞ്ചുന്നതു കേട്ടിടാതഹോ!
നയമെന്നിയെ യോധരർഭക
ക്ഷയമിപ്പോലെ നടത്തി നാടതിൽ. ൪൧

അധികോക്തികളെന്തിനേവരും
നിധിതുല്യം കരുതുന്ന ബാലരെ
രുധിരം മഴപോൽ ചൊരിഞ്ഞു കൊ-
ന്നധിപന്നബ്ഭടരേററി കൗതുകം. ൪൨

ഉടലെങ്ങുമണിഞ്ഞ ശോണിതം
മടവാർമാലിക മാരശേഷവും
ഉടനേ കഴുകുന്നതിന്നു പോൽ-
ത്തടവില്ലാതെ ചൊരിഞ്ഞു കണ്ണുനീർ. ൪൩

അണപൊട്ടിവരുന്ന മട്ടിലീ-
ക്ഷണയുഗ്മം ചൊരിയുന്നൊരശ്രുവാൽ
പ്രണയം പെരുകീട്ടു മുണ്ണിതൻ
പിണവും ശുദ്ധി വരുത്തി തന്നെചികൾ. ൪൪

അലപോലെഴു മുഗ്രപീഡയാ-
ലുലയും നാരിക ളേതിടത്തിലും
ശിലപോലു മലിഞ്ഞിടും വിധം
പലതിപ്പോലെ കരഞ്ഞു ചൊല്ലിനാർ. ൪൫

"മകനേ! മമ ഭാഗ്യവല്ലിതൻ
പൂകളേറും സുമമാകു മോമനേ!
പക മന്നനുദിക്കുമാറു നീ
തകരാറെന്തു തുടന്നു തങ്കമേ! ൪൬

"വിരസം കരളിൽ കടന്നു നീ
നരപാലനു വിഷംകൊടുത്തിതോ?
പരവിത്ത മെടുത്തടക്കിയോ?
ദരമറേറകനെ നിഗ്രഹിച്ചിതോ? ൪൭

"അകതാരി ലിവർക്കു ദിച്ചതാം
മികവേറീടിനമോഹമത്രയും
അകലത്തിലകന്നു സത്വരം
പുകപോലെൻ സുത! നിഷ്ഫലങ്ങളായ്. ൪൮

"സുത! നിൻ കമനീയമാം മൃദു-
സ്മിതപൂർണ്ണചന്ദ്രിക കണ്ടനാരതം
ഗതഭാവുകയായിടുന്ന ഞാൻ
നിതരാം മുത്തൊടുപോക്കി വാസരം. ൪൯

"മധുവിന്നിടിവേകിടുന്ന നിൻ
മധുര സ്വാന മയോഗ്യയായ ഞാൻ
അധുനാ ഹൃദി ചിന്ത ചെയ്യവേ
വിധു തുല്യാസ്യ! വളർന്നിടുന്നു മാൽ. ൫൦

"പുതുചെമ്പകത്താരിനൊപ്പമായ്
കുതുകം ചേർത്തരുളുന്ന നിൻമുഖം
ഇതുപോൽ വിളറീടുമെന്നു ഞാ-
നതുലാകാര! നിനച്ചതില്ലഹോ! ൫൧

"വിലയേറിയ പട്ടിനൊപ്പമായ്-
വിലസും നിൻ തനുവിങ്കലായുധം
മലരിൽക്കനൽ പോലെ ചേർത്താര-
ക്കൊലയാളെത്ര കഠോരമാനസൻ! ൫൨

"പലനേർച്ചകൾ ഞാൻ തികച്ചതിൻ
ഫലമായുള്ള കുമാരനീവിധം
ഖലനായ ഭടന്റെ ബാഹുവാൽ
കൊല നേരിട്ട തതീവ ദുസ്സഹം. ൫൩

“അതിയായ കുതൂഹലം കല-
ന്നെതിരേ നിന്നൊടു മൊത്തെണീക്കവേ
ചതികൊണ്ടു നിനക്കു തങ്കമേ!
മൃതി പററുന്നതറിഞ്ഞതില്ല ഞാൻ. ൩൪

“ശിതമായിടുമായുധത്തിനാൽ
ഗതമായില്ലിതസുക്കളെങ്കിലും
സുത! നിൻ ജനയിത്രി സർവ്വഥാ-
ഹതയായ് തീർന്നു ഭയങ്കരാർത്തിയാൽ. ൩൫

“ഭുവനത്തൊടു നീ നിമിത്തമായ്
ദിവസന്തോറു മുയർന്നൊരാദരം
ചുവടേ പിഴുതൂഴിയും വെറു-
ത്തിവളയ്യോ! കുണപത്തിനൊപ്പമായ്. ൩൬

അവനിക്കൊരു ഭാരമായിമേൽ
ശവരീതിയ്ക്കു കഴിച്ചുകൂട്ടുവാൻ
ഇവളുള്ളിൽ നിനച്ചിടാദ്ദൃഢം;
ഭുവനം ശാശ്വതമല്ലൊരാളിനും. ൩൭

“കിഴവൻ നരപാലനെത്രനാ-
ളഴലിസ്സാധുനിരയ്ക്കു ചേർത്തിടും?
പിഴയററ ജനങ്ങളുള്ളു ചു-
ട്ടുഴലാനോ നരപാലനാഗ്രഹം? ൩൮

"പ്രളയം നൃപനെത്തിടും വരെ-
യ്ക്കിളവറേറവ മുപദ്രവിക്കയോ?
വിളവിങ്ങനെ വേലി നിർദ്ദയം
മുളയിൽത്താനശനം കഴിക്കുമോ? ൯൯

"ഇളതൻ ധവനീ വിഹിംസനം
വളരെ ക്കൗതുകമേകിടുന്നതോ?
അളവററുയരുന്ന പീഡയാൽ
തുളയുന്നുള്ള മിവക്കു നിർഭരം! ൱൦

"അടിപെട്ടു കിടക്കുവോരിലി-
ക്കുടിലൻ വേൽ കുണപത്തിലെന്നപോൽ
മുടിവെന്തിനു ചേർത്തിടുന്നു? ഹാ!
ഴ്പൊടിയുന്നുൾത്തളിരെള്ളിനൊപ്പമായ്. ൱൧

"മികവേറിയ ദുർയ്യശസ്സു തൻ
ത്തുകവീണ്ടും വലുതാക്കി വയ്ക്കുവാൻ
അകമേ നിരുപിക്ക മൂലമി-
ത്തകരാറിന്നു മുതിർന്നിതോ നൃപൻ? ൱൨

"പലവട്ട മിവണ്ണമാ യരും-
കൊലചെയ്യാ തിവരെസ്സമൂലമായ്
ഖലപുംഗവനായ മന്നവൻ
തല കൊയ്യിച്ചുമരട്ടെ സൗഖ്യമായ്. ൱൩

"ബലിയായ നരേന്ദ്രനീവിധം
പുലിപോൽ ക്രൂരവധം തുടങ്ങിയാൽ
അലിവേറിയ ദൈവമിജ്ജനാ-
വലിയിൽ ക്കൺമുന ചേർക്കയില്ലയോ? ൩൪

"ജനമീശനെ വിസ്മരിക്കയാൽ
വിനചേരുന്നിതിവർക്കു മേൽക്കുമേൽ;
മനമാശു വിശുദ്ധമാക്കിയാ-
ലനഘൻ ദേവനനുഗ്രഹിച്ചിടും.„ ൩൫

"നയവാരിനിധേ! സദാ ജഗൽ-
ത്രയമൻപോടു പുലർത്തിടും വിഭോ!
ദയപൂണ്ടടിയങ്ങളിൽ ഗുണാ-
ലയ! നീ ചേർക്ക ദയാർദ്രമീക്ഷണം. ൩൬

"കൃപ ചേതസി പൂണ്ടു തിന്മയാം
ക്ഷപനീക്കിത്തെളിവേകുവാനുടൻ
നൃപനീയ് പ്രിയപുത്രനെ ബ്ഭവാൻ
തപനന്നൊപ്പമയയ്ക്കു ഭൂമിയിൽ. ൩൭

"വിരുതോടുലകം ഭരിക്കുവാൻ
വരുമീശൻ മിശിഹാ പിറന്നതായ്
കരുതി ക്ഷിതിപൻ ശിശുക്കളെ-
ക്കരുണാഹീനമൊടുക്കിടുന്നുപോൽ. ൩൮

"അതിരററ മഹസ്സിണങ്ങുമ-
ക്ഷിതിപാലനു വിപത്തണയ്ക്കുവാൻ
മുതിരായ്ക വൃഥാ; നിനക്കു താൻ
ക്ഷതിപററും തരസാ ജളപ്രഭോ!" ന്നൻ

തടവററുയരുന്ന പീഡയാൽ
പിടയും മാനിനിമാരിതേവിധം
ഇടനെഞ്ഞു പൊടിഞ്ഞു കേണുകേ-
ണിടറിച്ചൊല്ലി നയിച്ചു വാസരം. ൌ

"മൃതി മൽഭടരാൽ നവീനനാം
പ്രതിയോഗിക്കു പിണഞ്ഞു നിശ്ചയം"
മതിയിങ്കലിതേവിധത്തില-
ച്ചതിയൻ മന്നനമോത്തു മേവിനാൻ. ൈ

ചിലവത്സരമേവമേവരും
വലയും മട്ടില വാണനന്തരം
ഖലനക്ഷിതിപൻ ഗദാർത്തനാ-
യുലയും വണ്ണമൊട്ടു വിട്ടു ജീവനെ. ൈ

ഒരു വാനവനെത്തി യേശുവിൻ
വിരുതേറുന്ന പിതാക്കളോടുടൻ
തിരുനാട്ടിലപാസ്ത സംശയം
വരുവാനാദരപൂർവ്വ മോതിനാൻ. ന്മ

 വൃഷ

ഭുവനത്രയ മേററമൻപു പൂ-
ണ്ടവനം ചെയ്യുമജൻെറ പൊൽപദം
അവധാന സമേതരായ് നമി-
ച്ചവരുള്ളിൽ തെളിവോടു യാത്രയായ്. ൧

ഒഴിയാതിടരാവിശുദ്ധരാം
വഴിപോക്കക്കെത്തിരിട്ടിതെങ്കിലും
മിഴിനീർ ചൊരിയാതെ സംഭ്രമം
കഴിയും വേഗമൊടും നടന്നുപോയ്. ൨

പുരുദുഃഖമവക്കുദിക്കിലും
തിരുബാലനു സുഖം വിളങ്ങുവാൻ
ഒരുപോലവരോത്തനാരതം
കരുതിക്കൊണ്ടു കഴിച്ചു യാത്രയെ. ൩

പുകളേറിയ യൂദനാടതിൻ
നികടം ചേന്നിതൊട്ടുക്കമൊ[illegible]നം;
തകരാറിനിയില്ലയെന്നുറ-
ച്ചകതാരിങ്കലുയന്നു മോദവും ൪

മൃതനാ മധിപൻെറ ദുഷ്ടനാം
സുതനന്നവീപതി നാട്ടിലേവനും
നിതരാ മഴൽ ചേത്തിടുന്നതായ്
ദ്രുതമ ദ്ധന്യരറിഞ്ഞു സവ്യഥം. ൫

“വ്യസനം മതി നിങ്ങൾ പോകുവിൻ
നസറേത്തിന്നട”യെന്നു വാനവൻ
അസമാനത ചേൎന്ന ശോഭനൻ
വിസരം പൂണ്ടറിയിച്ചു നിദ്രയിൽ. ൻ

പരിതാപമകന്നു ധന്യനും
പരിശുദ്ധാശയയായ പത്നിയും
പരിതുഷ്ടി കലൎന്നു വേഗമ-
പ്പുരിയിൽ ചെന്നു വസിച്ചു സൌഖ്യമായ്. വ്വം

രജനീശ കലയ്ക്കു തുല്യമായ്
സുജനാശ്ചര്യ്യ മണച്ചു നിൎഭരം
സ്വജനോത്സവമായ് വളൎന്നു പിൻ-
പ്രജപുത്രൻ മിശിഹാ ദിനേദിനേ. വ്വ൧

തനയന്റെ വിപഞ്ചി കമ്പിടും
നിനദം കാതുകളിൽ പതിക്കവെ
അനഘാശയരാം പിതാക്കൾ തൻ
മനമാനന്ദ വശാൽ കുളുൎത്തിടും. വ്വ൨

അളകങ്ങൾ ചലിച്ചു വത്സലൻ
കളനാദത്തൊടു ബാലലീലയെ
തളരാതെ തുടൎന്നിടുംവിധൌ
പുളകം മെയ്യിലവൎക്കണഞ്ഞിടും. വ്വ൩

## പതിനഞ്ചാം സർഗ്ഗം ൮൩

മുഴവെൺമതിയും വിവർണ്ണനായ്
തൊഴമാ നിർമ്മലനുണ്ണി തൻമുഖം
പഴുതററ പിതാക്കൾ മുത്തൊടെ-
പ്പൊഴമീക്ഷിച്ചിതു ദൈവദൂതർപ്പോൽ. ൮൪

സകലജ്ഞനമായനുണ്ണിതൻ
മികവേറും ദയ നിത്യമോക്ഷയാൽ
പുകളേറിടുമാ വിശിഷ്ടർ ത-
ന്നകതാരത്ഭുത സിന്ധു മഗ്നമായ്. ൮൫

വിനനീക്കിടുവാൻ ധരിത്രിയിൽ-
ജ്ജനനം കൈക്കൊണ്ടെട്ടുത്ത വത്സലൻ
വിനയാകരമായ് സ്ഫുരിപ്പത-
ജ്ജനയുഗ്മത്തിനു ബാഷ്പമൂലമായ്. ൮൬

നിയമാജ്ഞ കണക്കധീശ്വരാ
ലയസന്ദർശന മാദരിക്കുവാൻ
പ്രയതാഗ്ര്യപദംപെടും പിതൃ-
ദ്വയമൊത്തീശസുതൻ ഗമിച്ചിടും. ൮൭

തിരുനാളിനു ദൈവനന്ദനൻ
തിരുബാല്യത്തിലൊരാണ്ടിലാവിധം
വിരുതേറിയ തൻ പിതാക്കളോ-
ടൊരുമിച്ചീശനിവാസ മെത്തിനാൻ. ൮൮

മൂറപോലഖിലേശപരന്നാകം
നിറയും ഭക്തിയൊട പ്പിതൃദ്വയം
കുറവററ വിധത്തിലച്ച്നനം
നിറവേററിത്തരസാ മടങ്ങിനാർ. ൮൯

“സ്വജനങ്ങളൊടൊത്തനർഘനാ-
മജപുത്രൻ ഗതനായി മുന്നമേ”
നിജമാനസ സാരസത്തില-
സ്സജനോത്തംസരിവണ്ണമോർത്തുപോയ്. ൯൦

ക്ഷണദയ്ക്കുദയം ലഭിച്ചൊര-
ക്ഷണമെല്ലാവരുമൊത്തുകൂടവേ
പ്രണയം പെരുകും പിതാക്കളൊ-
ട്ടുണവാൻ സൂനുവിനെത്തിരക്കിനാർ. ൯൧

ജനരാജിയിലില്ലനോപമൻ
തനയൻ, കണ്ടതുമില്ലൊരുത്തരും;
അനഘാശയരാം പിതാക്കൾ തൻ
മനമപ്പോളഴലാൽ പിളൎന്നുപോയ്. ൯൨

കരിയും വദനത്തൊടും ജലം
ചൊരിയും നേത്രസരോരുഹത്തൊടും
പരിദേവനമോടുമെങ്ങുമ-
പ്പരിശുദ്ധാശയർ നോക്കി വത്സനെ. ൯൩

നിലവിട്ടു വളൎന്നൊരാധിയാ-
ലുലയും മാനസമോടു മീവിധം
പലമട്ടവർ ചെയ്ത വേലയും
ഫലമില്ലാതെ ചമഞ്ഞിതഞ്ജസാ. ൯൪

ദിവസാധിപ നസ്തമിക്കയാൽ
ഭുവനം മൂടി തമോ ഭരത്തിനാൽ;
അവരദ്ധ്വഗ വിശ്രമാൎഹമാം
ഭവനത്തിങ്കലു മെത്തി സശ്രമം. ൯൫

അവരന്നു സഹിച്ച സങ്കടം
വിവരിപ്പാ നെളുതല്ലൊരുത്തനും
ദവമദ്ധ്യഗമാം ശശം കണ-
ക്കവരുള്ളം പതറിപ്പരുങ്ങിനാർ. ൯൬

അനഘൻ സുതനെ പ്പിരിഞ്ഞൊരാ-
ത്തനത ശ്രദ്ധ നിനച്ചു പിൻപവർ
മനതാരു തകൎന്നു ഗൽഗദ-
സ്വനമോടിങ്ങനെ തമ്മിലോതിനാർ. ൯൭

"ഇടതൂൎത്തളിരിൽ കലൎന്നുപിൻ-
തുടരുമ്പോൾ വഴിതെററി നന്ദനൻ
തടവററിതരാശ തേടുവാ-
നിടവന്നേററ മുഴന്നിടുന്നിതോ? ൯൮

"അളവററൊരു മോദമേവനും
വിളയിക്കും സുഭഗൻ കുമാരനെ
കള വാക്കുകളാൽ ചതിച്ചഹോ!
കളവേറും ശഠർ കൊണ്ടുപോയിതോ? ൯൯

"സരസോക്തികളാലനാരതം
പരമാനന്ദമതിക്കുമാത്മജൻ
ദരമുള്ളിലുയൎന്ന നമ്മെ നി-
ൎഭരശോകേന തിരക്കിടുന്നുവോ? ൧൦൦

"സകലേശ്വര മന്ദിരത്തെ വി-
ട്ടകലാൻ ഭക്തി വിസമ്മതിക്കയാൽ
സ്വകവാസ മതിങ്കലാക്കുവാ-
നകതാരിങ്ക ലുറച്ചിതോ സുതൻ? ൧൦൧

"തുണകെട്ട നമുക്കകെത്തേഴും
പ്രണയത്തെ ച്ചെറുതൊന്നളക്കുവാൻ
ഇണയററ ഗുണാംബുധി നന്ദനൻ
ഘൃണതേടാതെ മറഞ്ഞു മാറിയോ? ൧൦൨

മതിയററവരായ ഞങ്ങൾ മൺ-
മതിൽ തൻമാതിരി കെൽപ്പുകെട്ടവർ,
മതി, വത്സ! പരീക്ഷ; പൂൎണ്ണവെൺ
മതിതുല്യാനന! ചേരുകന്തികേ. ൧൦൩

"കഥയറ്റൊരിവൾക്കയന്നു മാൽ
കഥയാക്കാതെ തുടങ്ങിടായ്ക നീ;
കഥമിന്നു സഹിക്കുമിജ്ജനം
കഥനീയാത്തല സൽഗ്ഗുണാംബുധേ! ൧൦൪

"പ്രതിവത്സരമീശ ശാലയിൽ
പതിവായ് പോകയിലൊന്നുമീവിധം
ക്ഷതിപറ്റിയതില്ലിവൾക്കിനി-
ഗ്ഗതിയെന്താണു വലഞ്ഞുവത്സല! ൧൦൫

"വസുധാതല മായതിൽപരം
വസു നീയെന്നനിശം നിനച്ചിവർ
അസുഖം തവ നേരിടാതെ ക-
ണ്ടസുതുല്യം കരുതി പുലർത്തിനാർ. ൧൦൬

"സതതം കരുണാർദ്രമായ നിൻ
സ്മിതമീക്ഷിച്ചു രസിക്കുമീജ്ജനം
ഹതമാനസരായിതേവിധം
സുതനില്ലാതെ കഴിപ്പതെങ്ങനെ? ൧൦൭

"പനിനീർക്കുസുമത്തിനും പരം
പനിചേർക്കും പടി മുഗ്ദ്ധമായ നിൻ
കനിവൂറിടു മാസ്യമീയിവ-
ർക്കിനിമേൽ കാണുവതിന്നു കൂട്ടമോ? ൧൦൮

"വരദായക നായിടുന്ന നിൻ
പരമശ്രീ വിളയാട്ടു മാനനം
കരളിൽ ക്കവിയും കൃപാഭരം
സരസം കാട്ടുമനർഘദർപ്പണം. ൧൦൯

"ശ്രവണം സഫലീകരിച്ചെഴും
നവമാമിൻപ മമായമേകിടും
തവ തേൻമൊഴി കേട്ടിടാതെക-
ണ്ടിവരെൻ വത്സ! വസിപ്പതെങ്ങിനെ? ൧൧൦

"പ്രയതാശ്‌യ! ദിവ്യപുത്ര! നിൻ
ദയയും ദിവ്യതയും വിളങ്ങിടും
നയനോൽപല മല്ലയോ രുജാ-
മയ മോടിച്ചിടു മുത്തമൗഷധം? ൧൧൧

"കുടിലാകൃതി തേടുമിന്ദുവി-
ന്നിടിവേകുന്ന ലലാട മെന്നിനി
വടിവേറിയ വാനവർക്കു പൊൻ
മുടിയാം നന്ദന! കാണ്മതിജ്ജനം? ൧൧൨

"വിനയാകരമായിടും തവാ-
നനസൂനത്തിനു മോടികൂട്ടിടും
കനകക്കൊടിയൊത്ത ചില്ലിവൻ-
വിനചേർക്കാതെ പുലർത്തി ഞങ്ങളെ. ൧൧൩

“പവിഴത്തി നിളപ്പമേകിടും
ഛവിപൂണ്ടുള്ള തവോഷ്ഠപല്ലവം
എവിടത്തിലണഞ്ഞു ഞങ്ങൾ ക-
ണ്ടവിളംബം വ്യഥപോക്കുമോമനേ! ൧൧൪

“ഹിതമെന്തു നിനക്കതേകിടും
വ്രതമുൾക്കൊണ്ടു മനംതെളിഞ്ഞിവർ
ഇതരാശ വെടിഞ്ഞനാരതം
സുത! നിൻരക്ഷ നടത്തി സാദരം. ൧൧൫

“ലളിതാകൃതിപൂണ്ട നിൻ മുഖ-
ത്തെളിവല്പം കുറയും വിധത്തിലും
പൊളിയല്ലിവരിദ്ദിനംവരെ-
ക്കളിയായെങ്കിലുമൊന്നു ചൊല്ലിയോ? ൧൧൬

“പുരുമോദമിയന്നു ഞങ്ങളോ-
ടൊരുമിച്ചിന്നുവരേ വസിച്ചു നീ;
ഒരു നാളിലുമീവിയോഗമാൽ
വരുമെന്നുള്ളിൽ നിനച്ചതില്ലിവർ. ൧൧൭

“ഗുണവല്ലി തഴച്ചുകേറുവാൻ
തുണയായ് നില്പൊരു നിന്നിലല്പവും
പ്രണയക്കുറവേശുകില്ല; നിർ-
ഘൃണരീയുള്ളവരില്ല സംശയം ൧൧൮

“തിരുനാളിന്നസംഖ്യമാം ജനം
വരുമെന്നുള്ള തകത്തനാരതം
നിരുപിച്ചിവരിന്നുവേണ്ടപ്പോൾ
കരുതീടാഞ്ഞതബദ്ധമെത്രയും. ൫൫൯

“ശരിയായിവർ കാത്തിടായ്കയാൽ
പരിശുദ്ധക്കണിയായിടുന്ന നീ
പിരിവാനിടയാക്കിയിട്ടിതാ
പരിതാപത്തിന്നു ഭാജനങ്ങളായ്” ൫൬൦

അശനത്തെ വെറുത്തണഞ്ഞൊര-
പ്പിശകോത്തിങ്ങനെ കേണുരച്ചവർ
ഭൃശമാധിസഹിച്ചു ദീർഘമാം
നിശയെസ്വാപമൊഴിച്ചു പോക്കിനാർ. ൫൬൧

ധരയിൽ തപനന്റെ രശ്മിതൻ
നിരചേരുന്നതിനേറെ മുൻപിലേ
ത്വരപൂണ്ടവരാക്കുമാരനെ-
ത്തിരയാനായ്പ്പിറകോട്ടു യാത്രയായ്. ൫൬൨

വഴിയേ വരുവോരൊടൊക്കയും
വഴിപോൽ നന്ദനവാർത്ത ചൊല്ലിയും
മിഴിനീർ പുഴപോലൊഴുക്കിയും
കഴിയും വേഗമൊടപ്പിതാക്കൾപോയ് ൫൬൩

അറിയുന്നവരാരുമുണ്ണിയെ
മറിമായപ്പടി കണ്ടതില്ലഹോ!
അറിയാത്തവരോതിടുന്നതാം
മറിവാക്കെങ്ങനെ വിശ്വസിച്ചിടാം. ൧൨൪

അതിനാൽ ചെറുതുംഗവേഷണം
മതിയാക്കാതവരൊത്തുപിന്നെയും
അതിരറ്റൊരു സങ്കടത്തൊടും
മതിമാനാം സുതനെത്തിരഞ്ഞുപോയ്. ൧൨൫

അനുഭാവമുയന്ന സൂനുവിൻ
തനുവിന്നുള്ള വിശേഷഭംഗിയെ
മനുജാവലി വിസ്തരിച്ചു കേ-
ട്ടനുതാപം ഹൃദി പൂണ്ടു നിർഭരം. ൧൨൬

ചിലരോതിയ വാക്കു കേൾക്കയിൽ
പ്പലശങ്കയ്ക്കിടയായ്യ കാരണം
ഫലമററയനം വെടിഞ്ഞവ-
ർക്കലയാൻ സംഗതിയായിടയ്ക്കഹോ! ൧൨൭

അവരോതിയ ലക്ഷണം തിക-
ഞ്ഞവനായുള്ളൊരു കുട്ടി പള്ളിയിൽ
നവകാന്തികലന്നിരിപ്പതാ
യവരിൻപത്തൊടു കേട്ടിതന്തിയിൽ. ൧൨൮

തരസാം പുകളാന്ന ജേർസലേം
പുരമെത്താനവരാഗ്രഹിക്കിലും
ഇരവായിരുളാഗമിക്കയാൽ
തരമായില്ലതിനന്നവക്കഹോ! ൧൨൯

ഉരുകുന്ന മനസ്സിലുഗ്രമായ്
പ്പെരുകീടും രുജയാൽ തളന്നവർ
ഒരു വീട്ടിലണഞ്ഞുറങ്ങിടാ-
തൊരുമട്ടങ്ങിനെ രാത്രിപോക്കിനാർ ൧൩൦

തദനന്തരമംശുമാൻ കിഴ-
ക്കുദയം തേടുവതിന്നു മുന്നമേ
കദനാനലനാൽ കരിഞ്ഞിടും
വദനം ചേന്നവരാശു യാത്രയായ്. ൧൩൧

സുമസന്നിഭമായ മേനിയിൽ
ക്ലമമേറിത്തളരുന്ന നേരവും
സമയം കളയാതതുല്യമാം
ക്ഷമകൈക്കൊണ്ടവർപോയി ശീഘ്രമായ്. ൧൩൨

ഭയഭക്തി കലന്നധീശപരാ-
ലയ മാഢ്യന്മരണഞ്ഞനന്തരം
നയനങ്ങൾ കുളിത്തു കണ്ടിതാ-
പ്രിയമേറീടിന ദിവ്യബാലനെ. ൧൩൩

വേദസത്ത്യപരിപോഷണത്തിനായ്
വേദപാരഗഗണത്തൊടാദരാൽ
വാദമങ്ങനെ നടത്തി നിർഭരം
മോദമോടു മമരുന്നു നന്ദനൻ. ൰൩൪

വീര്യ്യമേറിയ സുതന്റെ ചോദ്യവും
കാര്യ്യസാരമെഴുമുത്തരങ്ങളും
ധൈര്യ്യവും ഭൃശമണച്ചിടുന്നിതാ-
ചാര്യ്യവര്യ്യനികരത്തിനത്ഭുതം. ൰൩൫

ചാരുശീലമറിയം കഥിക്കയായ്
“പോരുമെന്തിനിതുചെയ്തു വത്സ! നീ;
ചോരുമശ്രുവൊടു നിന്നെ മാനസ-
ത്താരുഴന്നിവർ തിരഞ്ഞിതെങ്ങുമേ. ൰൩൬

സോമബിംബസദൃശാസ്യയാകിയോ-
രാമനസ്വിനി സഭാഷ്പമീവിധം
സീമയറ്റ തെളിവോടുരയ്ക്കയിൽ
പ്രേമമേറിയ കുമാരനോതിനാൻ. ൰൩൭

“പാരമെന്തിനു തിരഞ്ഞു നിങ്ങളും
ത്താരതിങ്കലഴലോടിതേവിധം;
സാരമായ ജനകന്റെ കാര്യ്യമെ-
ന്നേരവും കരുതിടേണ്ടൊരാളിവൻ” ൰൩൮

ദേവപുത്രനരുൾചെയ്ത ദിവ്യമാ-
മാവചസ്സിനുടെ സാരമാക്ഷണം
ആവധിഷ്ഠരറിയായ്കിലും മറി-
യ്യാവധൂമണി ഹൃദിസ്ഥമാക്കിനാൾ. ൫൩൯

ഗുണനിധിയാകും മറിയവു-
മിണയററ നയാബ്ധിയായ യൗസേപ്പും
തുണയായഥ ദൈവസുതൻ
പ്രണയഭരം പൂണ്ടു പോയി നസറേത്തിൽ. ൫൪൦

പിതാക്കൾക്കു മുൻപോലെ കീഴ്പെട്ടു വിഘ്നം
ഹിതാജ്ഞാദികൾക്കേതുമേകാതെ യേശു
നിതാന്തം ദിവൗകസ്സുകൾക്കാശയം സം-
ഭൃതാശ്ചര്യമാക്കി പ്രമോദേന വാണു. ൫൪൧

മാതാപിതാക്കളെ നിരന്തരമാദരിച്ചും
പ്രീതാശയത്തൊടനിശം പരിചര്യചെയ്തും
നേതാക്കൾപോൽ കരുത്തുമാറു നരക്കു നന്നായ്
ശ്രീതാവുമീശ സുതനുത്തമ പാഠമേകി. ൫൪൨

തനയനുടെ മഹസ്സറിഞ്ഞിരിപ്പോ-
രനഘർപിതാക്കൾതദീയമാം സുശീലം,
വിനയമിവ സദാപി കാൺക മൂലം
മനതളിരിൽപ്പരമത്ഭുതം വഹിച്ചു. ൫൪൩

അനുപമസുകൃതാംബുരാശിവാനോ-
രനുസരണത്തൊടു കൃപ്പ മീശപുത്രൻ
അനുദിനമരുളാദരിപ്പതോർത്താ-
മനുജവരക്കിളവറെറാലിച്ചു ബാഷ്പം ൧൪

തളിർതൊഴമൂടലാന്ന ദിവ്യപുത്രൻ
തെളിവിനൊടും തൊഴിലിൽ തുണപ്പതെന്നും
കുളിരകമലരിൽ കലന്നുകണ്ടാ-
വിളിപെടുവോർ നെടുവീർപ്പുവിട്ടു മേന്മേൽ. ൧൫

ശ്രീവിളങ്ങിയ സുതൻെറ നെററിയിൽ
ത്തൂവിയർപ്പു പൊടിയും ദശാന്തരേ
ആവിലതപമകതാരിലുത്ഭവി-
ച്ചാവിദഗ്ധരധികം തപിച്ചിടും. ൧൬

സുധി യൗസേപ്പു പിതാവി-
ന്നധിഗതമായ് പിൻപൊരുഗ്രമായ ഗദം;
അധികം തെളിവൊടതാനയ-
നീധിയാം ധന്യൻ സഹിച്ചു ചിരകാലം. ൧൭

പ്രിയതമ മറിയവമേററം
പ്രിയമുള്ളിൽ തേടമീശനന്ദനനും
നിയതം പരിചയ്യുകള-
പ്രയതാശയനേററമൻപു പൂണ്ടരുളി. ൧൮

നരനാം സുതനീശനെപ്പുലത്താ-
നരപൊങ്ങും ഭവികം ലഭിച്ച വന്ദ്യൻ
വരപൂരിതനാകുമാ വിശിഷ്ടൻ
പരമാനന്ദമൊടന്തരിച്ചു പിന്നെ. ൯൯

ചതിയൻ ഹേറോദേസിനു
മതിപരമാം മുൻപു മൂന്നുസുതരേയും
ക്ഷിതിപന്മാരാക്കിത്തൻ
ക്ഷിതിയെ വിഭാഗിച്ചു നൽകി മൂവക്കും. ൧൦൦

തനയൻ ഹേറോദേസാം
വിനയവിഹീനൻ വധിച്ചു സോദരനെ
തന്നുതാം ഗലിലേയയൊടാ-
ജ്ജനപദവും കൂട്ടിവാണു നിർദ്ദയനായ്. ൧൦൧

തനയനപരനഗ്രനക്കലാവോ-
സനവധി നാശമണച്ചു യൂദയായിൽ
ജനനിരയെ ഞെരുക്കി വാണൊടുക്കം
ജനപദവും നൃവരതപവും മുടിച്ചു. ൧൦൨

ശൂരന്മാരാം റോമ-
ന്മാരന്നാൾതൊട്ടു യൂദദേശത്തിൽ
സൈപരമെഴുംപടി കാര്യ-
ക്കാരനെ നിയമിച്ചയച്ചു രക്ഷിച്ചു. ൧൦൩

---

PRESIDENCY COLLEGE LIBRARY
No.
9 JUL 1938